I.T

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 181 — 2-12-2008ൽ മറുപടിയ്ക്ക്

ബേക്കൽ ടൂറിസം റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻെറ

ഹോട്ടൽ നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.എച്ച്. കുഞ്ഞമ്പു :<br>ശ്രീ. കെ. കുഞ്ഞിരാമൻ :<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ:<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ബേക്കൽ ടൂറിസം റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വഴി എത്ര ഹോട്ടലുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; | എ) ആറ് |
| ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇതിൻെറ പുരോഗതിയും വ്യക്തമാക്കുമോ; | ബി) റിസോർട്ടുകളുടെ നിർമ്മാണത്തിനായി ബി.ആർ.ഡി.സി. ആറ് റിസോർട്ട് സൈറ്റുകൾ വികസിപ്പിച്ചിട്ടുണ്ട്. ഈ ആറ് റിസോർട്ട് സൈറ്റുകളും ബി.ആർ.ഡി.സി നേരിട്ട് ടെൻഡർ ക്ഷണിച്ചതനുസരിച്ച് ഉയർന്ന വാർഷികപാട്ടം വാഗ്ദാനം ചെയ്ത ഹോട്ടൽ ഗ്രൂപ്പുകൾക്ക് ദീർഘകാല പാട്ടക്കരാർ വ്യവസ്ഥയിൽ കൈമാറുന്നതു സംബന്ധിച്ച് ലൈസൻസ് കരാർ ഒപ്പ് വച്ചു കഴിഞ്ഞു. രണ്ട് വർഷത്തിനകം നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി ഹോട്ടലുകൾ പ്രവർത്തനക്ഷമമാക്കണമെന്നാണ് കരാറിലെ വ്യവസ്ഥ. റിസോർട്ടുകളുടെ നിർമ്മാണ പുരോഗതി അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ബേക്കലിൽ ഇപ്പോൾ എത്ര റിസോർട്ടുകളുടെ പണി നടക്കുന്നുവെന്നും ഇവയിൽ ആദ്യത്തെ ഹോട്ടലിൻെറ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കുമോ; | സി) | സൈറ്റ് നമ്പർ 1 ഒഴികെയുള്ള എല്ലാ സൈറ്റുകളിലും റിസോർട്ടുകളുടെ പണി നടക്കുകയാണ്. ഇതിൽ ഭാരത് ഹോട്ടൽസിൻെറ (RS -6) ഉദ്ഘാടനം മാർച്ച് 2009 ൽ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി) | പദ്ധതിക്കായി എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്; എന്തെല്ലാം ഭൗതിക സൗകര്യങ്ങൾ ഈ പദ്ധതിക്കായി ഇതിനകം ഒരുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | ഡി) | 220.09 ഏക്കർ<br>പദ്ധതിക്കായി ഒരുക്കിയ ഭൗതിക സൗകര്യങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട് |

Sonasaneth

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 182 02.12.2008 ൽ മറുപടിക്ക്.

## പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. യൂസഫ്<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. സാജു പോൾ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. വി. എൻ. വാസവൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി) |
| (എ) പോലീസ് വകുപ്പ് ആധുനികവൽക്കരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | : (എ) മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിൽ നിന്നും കഴിഞ്ഞ എട്ടുവർഷങ്ങളിലായി അനുവദിച്ച ഗ്രാന്റ് തുകകൾ പരമാവധി യഥാസമയം ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി പോലീസ് സ്റ്റേഷനുകളിലെയും, പോലീസ് ക്യാമ്പുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും |

(Ctnd..........2/-)

യാത്രാസൗകര്യം, വാർത്താവിനിമയ സൗകര്യം, പരിശീലന സൗകര്യം മുതലായവ വർദ്ധിപ്പിക്കുകയും ഫോറൻസിക് സയൻസ് ലാബോറട്ടറി ഫിംഗർ പ്രിന്റ് ബ്യൂറോ എന്നിവ നവീകരിക്കുകയും കേസന്വേഷണത്തിന് ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുകയും ട്രാഫിക് യൂണിറ്റുകൾ ശക്തിപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം സ്വീകരിച്ചിട്ടുള്ള

<u>പ്രധാന നടപടികൾ താഴെ പറയുന്നു:</u>

1. കേസന്വേഷണത്തിന്റെ ഭാഗമായി തെളിവിലേയ്ക്കായി ശേഖരിക്കുന്ന ലക്ഷ്യംവകകൾ കൃത്യതയോടെ പരിശോധിക്കുന്നതിനായി ഫോറൻസിക് സയൻസ് ലാബോറട്ടറികളിലേയ്ക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. തൃശ്ശൂർ, കണ്ണൂർ, എന്നിവിടങ്ങളിൽ റീജിയണൽ ഫോറൻസിക് സയൻസ് ലാബോറട്ടറികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.
2. യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേയ്ക്കായി **373** ബസ്സുകൾ, **1541** ഇരുചക്രവാഹനങ്ങൾ, **1272** ലൈറ്റ്/മീഡിയം വാഹനങ്ങൾ, **350** വാനുകൾ എന്നിവ വാങ്ങിയിട്ടുണ്ട്.
3. സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
4. വിവര വിനിമയ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഇരുപത്തിനാലു മണിക്കൂറും പ്രവർത്തനക്ഷമമായി നിലനിർത്തുകയും ചെയ്യുന്നുണ്ട്. ഈ വർഷം തന്നെ തിരുവനന്തപുരം സിറ്റിയിൽ ഡിജിറ്റൽ റേഡിയോ വിവര വിനിമയ സംവിധാനം ആരംഭിക്കുന്നതാണ്.

(Ctnd.........3/-)

5. ലഹള സംഭവങ്ങൾ ശാസ്ത്രീയമായും ഫലപ്രദമായും നേരിടുന്നതിനായി ജലപീരങ്കി, ബോഡിപ്രൊട്ടക്ടർ, പോളികാർബണേറ്റ് ലാത്തി മുതലായവ ലഭ്യമാക്കിയിട്ടുണ്ട്.

6. പോലീസ് സ്റ്റേഷനുകളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കേസന്വേഷണത്തിന് ഉപയോഗിക്കേണ്ട ഉപകരണങ്ങൾ, ക്യാമറ, ഫോട്ടോ കോപ്പിയർ, ഫാക്സ്മെഷീൻ, കമ്പ്യൂട്ടർ മുതലായവ വാങ്ങിയിട്ടുണ്ട്.

7. പോലീസ് ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങളും, പോലീസുകാർക്ക് താമസത്തിനുള്ള കെട്ടിടങ്ങളും പുതുതായി നിർമ്മിക്കുകയും പഴയ കെട്ടിടങ്ങൾ ആധുനീകരിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) തലസ്ഥാനത്ത് നടപ്പാക്കിയ "ഓട്ടോമേറ്റഡ് ഡയൽ 100" സംവിധാനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | : (ബി) കേരള പോലീസ്, "സി ഡാക്കി"ന്റെ സഹായത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ട്രങ്ക് വയർലെസ്സ് ടെക്നോളജി ഉപയോഗിച്ചുള്ള ഈ സംവിധാനങ്ങൾ പോലീസ് കൺട്രോൾ റൂമുകളിൽ നിന്നും പട്രോൾ വാഹനങ്ങളെ കാര്യക്ഷമമായി മാനേജ് ചെയ്യുന്നതിനും അടിയന്തിര സഹായമഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷകർക്ക് പരമാവധി കുറഞ്ഞ സമയത്തിനുള്ളിൽ സഹായമെത്തിക്കാനും കഴിയുന്നു. |

മുൻകാലങ്ങളിൽ ഉണ്ടായിരുന്ന സംവിധാനത്തെ അപേക്ഷിച്ച് ഈ സംവിധാനത്തിൽ ഒരു ഓഫീസർക്ക് ഒന്നിലധികം സംഭവങ്ങൾ കൈകാര്യം ചെയ്യാൻ സാധിക്കുന്നു. മാത്രമല്ല അടിയന്തിര ഘട്ടങ്ങളിൽ പ്രതികരിക്കുന്നതിന് നിലവിൽ ഏകദേശം **10** മിനിട്ട് സമയമെടുക്കുന്നത് **4** മിനിട്ടായി കുറയുകയും ചെയ്യുന്നു.

തിരുവനന്തപുരം നഗരത്തിൽ ഈ സംവിധാനം **18.11.2008**-ൽ നിലവിൽ വന്നു. കൺട്രോൾ റൂമിലേയ്ക്ക് **(100)** വരുന്ന സന്ദേശങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ സിറ്റിയുടെ വിവിധ ഭാഗങ്ങളിൽ വിന്യസിച്ചിട്ടുള്ള കൺട്രോൾ റൂം വെഹിക്കിളുകളിൽ എത്തിക്കാനും അതുവഴി സത്വരനടപടികൾ സ്വീകരിക്കാനും കഴിയും. ഇതിലേയ്ക്കായി സിറ്റിയിൽ **16** പുതിയ വാഹനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

കൺട്രോൾ റൂമിലേയ്ക്ക് ഒരു കോൾ വരുന്നതിനോടൊപ്പം തന്നെ വിളിയ്ക്കുന്ന ആളിന്റെ ഫോൺ നമ്പരും ലൊക്കേഷനും കമ്പ്യൂട്ടർ സ്ക്രീനിൽ തെളിയും. ആയത് തൊട്ടടുത്ത് ലഭ്യമായ പി.സി.ആർ.വാഹനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ കഴിയും. പൂർണ്ണമായും സന്ദേശങ്ങളുടെ രഹസ്യ സ്വഭാവം നിലനിർത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പരിശീലനം ലഭിച്ച പോലീസുദ്യോഗസ്ഥരാണ് ടി സംവിധാനം കൈകാര്യം ചെയ്യുന്നത്.

| | |
|---|---|
| (സി) ഈ സംവിധാനം നടപ്പാക്കുന്നതിന് എന്ത് തുക ചെലവായി എന്ന് അറിയിക്കാമോ ; | : (സി) 222.31 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |
| (ഡി) ഈ സംവിധാനം സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | : (ഡി) ഈ സംവിധാനം ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ളതും വളരെയേറെ ചെലവ് വരുന്നതുമാണ്. ആകയാൽ കേന്ദ്ര ഗവൺമെന്റ് സഹായം കിട്ടുന്ന മുറയ്ക്ക് മാത്രമേ ഇത് എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ കഴിയുകയുള്ളൂ. അടുത്ത ഘട്ടത്തിൽ ഈ സംവിധാനം തൃശ്ശൂർ, കൊല്ലം ജില്ലകളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) നഗരങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | : (ഇ) പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരത്തും, കൊച്ചിയിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. |

(Ctnd..........6/-)

| | |
|---|---|
| (എഫ്) നഗരങ്ങളിൽ രാത്രികാല പട്രോളിംഗ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | : (എഫ്) നഗരങ്ങളിൽ രാത്രികാല പട്രോളിംഗ് ശക്തമായി നടപ്പിലാക്കിവരുന്നു. റെസിഡൻഷ്യൽ അസോസിയേഷനുകളുടെ സഹായത്തോടെ കൂടുതൽ വ്യാപകമായി രാത്രികാല പട്രോളിംഗ് നടപ്പിലാക്കിവരുന്നു. ആയത് മേലുദ്യോഗസ്ഥർ നിരീക്ഷിച്ചുവരുന്നു. |

Ambikadevi S

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 183 02.12.2008 ൽ മറുപടിയ്ക്ക്

## മാറാട് കലാപം സി.ബി.ഐ അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ | ശ്രീ . കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| എ) മാറാട് കലാപത്തിനു പിന്നിലെ ഗൂഢാലോചന പുറത്തുകൊണ്ടുവരാൻ സി.ബി.ഐ. അന്വേഷണം വേണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) പ്രസ്തുത കലാപത്തെക്കുറിച്ച് അന്വേഷിച്ച ജോസഫ് തോമസ് കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ഗൂഢാലോചന, വൻതോതിലുള്ള ആയുധ ശേഖരണം തുടങ്ങിയവയെക്കുറിച്ച് സി.ബി.ഐ അന്വേഷണം നടത്തണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) സി.ബി.ഐ. അന്വേഷണം വീണ്ടും ആവശ്യപ്പെടാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഡി) സി.ബി.ഐ. അന്വേഷണം നടത്തണമെന്ന ഈ സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാർ ആവർത്തിച്ചു നിരസിച്ച സാഹചര്യത്തിൽ സി.ബി.ഐ അന്വേഷണം വീണ്ടും ആവശ്യപ്പെടാൻ 19.11.2008 ലെ മന്ത്രിസഭാ യോഗം തീരുമാനിക്കുകയും അതിൻ പ്രകാരം കേന്ദ്രസർക്കാരിന് കത്തയക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 184* — 2.12.2008 ൽ മറുപടിക്ക്

### റോഡുകളുടെ ഗുണ നിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.ഡി. ദേവസ്സി:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ.എം.ജെ. ജേക്കബ്:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>ശ്രീ.എം.കെ. പുരുഷോത്തമൻ | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റോഡുകളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് : | (എ) റോഡ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിർമ്മാണത്തിനുപയോഗിക്കുന്ന സാമഗ്രികളുടെ ഗുണനിലവാരവും അവ ഉപയോഗിച്ച് ചെയ്യുന്ന പണികളുടെ ഗുണനിലവാരവും പരിശോധിക്കുന്നുണ്ട്. കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ Soil Mechanics and Foundation, Concrete and Structure, Flexible Pavement എന്നീ ഡിവിഷനുകളിൽ ഗുണനിലവാരം പരിശോധിക്കുന്നതിന് ആവശ്യമായ സംവിധാനം നിലവിലുണ്ട്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് മരാമത്ത് വകുപ്പിന്റെ കീഴിലുള്ള Quality Control Wing - ന്റെ സേവനവും ഉപയോഗപ്പെടുത്തി വരുന്നു. ഇക്കാര്യത്തിൽ നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ് എന്നത് കണക്കിലെടുത്ത് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ എല്ലാ ജില്ലകളിലും വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ പുതിയതായി Quality Control District Unit കൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (ബി) ഹെവി മെയിന്റനൻസ് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ.; | (ബി) റോഡുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കിയതിനുശേഷം അതേ കോൺട്രാക്ടിൽതന്നെ 5 വർഷത്തേക്ക് അവയുടെ മെയിന്റനൻസുംകൂടി ഉൾപ്പെടുത്തുന്നതാണ് ഹെവി മെയിന്റനൻസ് പദ്ധതി. |
| (സി) ഈ പദ്ധതി ഏതെല്ലാം റോഡുകളിലാണ് ഇപ്പോൾ നടപ്പാക്കുന്നത്; | (സി) ഹെവിമെയിന്റനൻസ് പദ്ധതിയുടെ ആദ്യഘട്ടമെന്നനിലയിൽ ശബരിമലയിലേക്കുള്ള പ്രധാനറോഡു കളുടെ വികസനമാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്? | (ഡി) മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലാണ് ഏർപ്പെടുത്തിയിട്ടുള്ളത്. റോഡിന്റെ നിർമ്മാണസാമഗ്രികളുടെ അളവ് സംബന്ധിച്ച്, ധനകാര്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചീഫ് ടെക്നിക്കൽ ഇൻസ്പെക്ടറും പരിശോധന നടത്താറുണ്ട്. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 185

## 02.12.2008 - ൽ മറുപടിയ്ക്ക്

## കടാശ്വാസ നിയമപ്രകാരം എഴുതിതള്ളിയ വായ്പകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.ഡി. സതീശൻ : | | ശ്രീ.ജി.സുധാകരൻ (സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) | കേന്ദ്ര ഗവൺമെന്റ് കടാശ്വാസ നിയമപ്രകാരം എഴുതിത്തള്ളിയ വായ്പകൾക്ക് ഏതു തീയതി വരെയുള്ള പലിശ ഈടാക്കാം എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത് ; | (എ) | കേന്ദ്ര ഗവൺമെന്റ് കടാശ്വാസ നിയമപ്രകാരം എഴുതിത്തള്ളിയ വായ്പകൾക്ക് 29.2.08 വരെയുള്ള പലിശ ഈടാക്കാം എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത തീയതിക്കു ശേഷവും ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും ഈ ഇനത്തിലുള്ള വായ്പാകളുടെ പലിശകൾ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ; | (ബി) | കേന്ദ്ര കടാശ്വാസ പദ്ധതി പ്രകാരം എഴുതിത്തള്ളിയ വായ്പകൾക്ക് 29.2.08-ന് ശേഷവും പലിശ, ജില്ലാ സഹകരണ ബാങ്കുകൾ ഈടാക്കിയിട്ടുള്ളതായി ചില സർവ്വീസ് സഹകരണ സംഘങ്ങളും/ ബാങ്കുകളും, കേരള കോ-ഓപ്പറേറ്റീവ് സെക്രട്ടറീസ് അസോസിയേഷനും, കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയനും സർക്കാരിലും സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയത്തിലും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാർ പദ്ധതി പ്രകാരം വായ്പ ഇനത്തിൽ ലഭിക്കേണ്ട ആനുകൂല്യം ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഈ നീക്കത്തിനെതിരെ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയുമായി ബന്ധപ്പെട്ട പൊതുവായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് സഹകരണ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിലും കേരള സംസ്ഥാന സഹകരണ ബാങ്ക്, |

ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവയുടെ പ്രതിനിധികളും നബാർഡ്, ഉദ്യോഗസ്ഥ പ്രമുഖർ എന്നിവരും പങ്കെടുക്കുന്ന സെൻട്രൽ ബാങ്ക് കോൺഫറൻസിന്റെ 30.10.08-ൽ കൂടിയ യോഗത്തിൽ ടി വിഷയം ചർച്ച ചെയ്യുകയും, കേന്ദ്ര കടാശ്വാസ പദ്ധതി പ്രകാരം നബാർഡ് അനുവദിച്ച് നൽകിയ ആനുകൂല്യം അതാതു സംഘങ്ങൾക്ക് ലഭിക്കേണ്ടത് അതുപോലെ നൽകുന്നതിനും, 29.2.08-ന് ശേഷമുള്ള പലിശ ഇപ്പോൾ ഈടാക്കേണ്ടതില്ലെന്നും, പിഴപ്പലിശ ഒഴിവാക്കേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 186 — 2/12/2008-ൽ മറുപടിക്ക്

## സ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം

**ചോദ്യം**

ശ്രീ.സി.എം.ദിനേശ് മണി:
ശ്രീ.എ.സി.മൊയ്തീൻ
ശ്രീ.വി.ചെന്താമരാക്ഷൻ
ശ്രീ.എം.എം.മോനായി
ശ്രീ.മുരളി പെരുനെല്ലി

**ഉത്തരം**

ശ്രീ.എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ സ്കൂളുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

എ) മദ്ധ്യവേനലവധികഴിഞ്ഞ് സ്കൂൾ തുറക്കുന്നതിനുമുമ്പ് തന്നെ എല്ലാ അദ്ധ്യാപകർക്കും പരിശീലനം നല്കി. പ്രൈമറി തലം മുതൽ ഹയർസെക്കൻററി തലം വരെയുള്ള അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിന് 'സമഗ്ര അദ്ധ്യാപക ശാക്തീകരണ പരിപാടി 2008-09' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. പൊതുവായ സമീപനം, വിഷയബന്ധിതമായ സമീപനം, ഉദ്ഗ്രഥനം, ഐ.റ്റി.ബന്ധിത പഠനം, ടീച്ചർ ലോക്കൽ ടെസ്റ്റ്- ആസൂത്രണം, പ്രക്രിയയും മൂല്യനിർണയവും, പരിസ്ഥിതി സൗഹൃദ വിദ്യാലയം എന്നീ മേഖലകളിലാണ് പരിശീലനം നൽകിയത്. 8 (എട്ട്) ക്ലസ്റ്റർ യോഗങ്ങൾ ചേരുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ബി ഓരോ അദ്ധ്യാപകനും ഒരുവർഷം എത്ര ദിവസത്തെ പരിശീലനം നൽകാനാണ് പദ്ധതിയിട്ടിട്ടുള്ളത്;

ബി) പ്രൈമറി തലത്തിൽ 27 ദിവസവും ഹൈസ്കൂൾ തലത്തിൽ 13 ദിവസവും ഹയർ സെക്കൻററി, വൊക്കേഷണൽ ഹയർ സെക്കൻററി തലങ്ങളിൽ 12 ദിവസവും പരിശീലനം നല്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്.

⇨

| | | | |
|---|---|---|---|
| സി) | അദ്ധ്യാപക പരിശീലന പരിപാടിയോട് ചില അദ്ധ്യാപക സംഘടനകൾ എതിർപ്പു പ്രകടിപ്പിക്കാനുള്ള കാരണം എന്താണ്; | സി) | ക്ലസ്റ്റർ പരിശീലനവുമായി ബന്ധപ്പെട്ട് ഒരാഴ്ചയിലെ ആറാം പ്രവൃത്തി ദിവസം പരിശീലനം നടത്തുന്നതിനോട് ചില അദ്ധ്യാപക സംഘടനകൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. |
| ഡി) | മുഴുവൻ അദ്ധ്യാപകർക്കും പുതിയ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 187 02.12.2008 -ലെ മറുപടിക്ക്

**കെ. എസ്. ടി. പി. രണ്ടാംഘട്ട പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ചന്ദ്രൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. കെ. അജിത്<br>ശ്രീമതി. ഇ. എസ്. ബിജി മോൾ | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കെ. എസ്. ടി. പി. രണ്ടാംഘട്ട പദ്ധതിക്ക് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ; | (എ) കെ. എസ്. ടി. പി. യുടെ രണ്ടാംഘട്ട പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന പണികൾക്ക് ഉദ്ദേശം 1300 കോടി ചിലവ് പ്രതീക്ഷിക്കുന്നു. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലോൺ എടുത്ത് ഈ പണികൾ ചെയ്യുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തികളുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | (ബി) രണ്ടാംഘട്ട പണികളുടെ സ്ഥലമെടുപ്പ് നടന്നുവരികയാണ്. സ്ഥലമെടുപ്പ് പൂർത്തിയാകുന്നതോടൊപ്പം റോഡ് നിർമ്മാണത്തിന് ഫണ്ട് ലഭ്യമാകുന്നത് സംബന്ധിച്ചുള്ള തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും രണ്ടാംഘട്ട പ്രവർത്തികളുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : **188** 02.12.2008 ൽ മറുപടിക്ക്.

## അഗ്നിശമനസേനാ വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി. പി. കുഞ്ഞുണ്ണി<br>ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. പി. റ്റി. എ. റഹിം | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പുമന്ത്രി) |
| (എ) അഗ്നിശമനസേനാ വിഭാഗം ശക്തിപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) അഗ്നിശമന സേനാവിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആറ് പുതിയ അഗ്നിശമന രക്ഷാനിലയങ്ങൾ തുറക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പിറവം, സുൽത്താൻ ബത്തേരി, ചാമക്കട. കൊല്ലം, തൃശ്ശൂർ തുടങ്ങിയ അഗ്നിശമന രക്ഷാനിലയങ്ങൾക്ക് വേണ്ടി 154 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി വകുപ്പിലെ ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുവേണ്ടി ഏകദേശം 620 ലക്ഷം രൂപ ചെലവാക്കി തൃശ്ശൂർ ജില്ലയിലെ വിയ്യൂരിൽ ആധുനിക |

(Contd. ...... 2-)

സൗകര്യങ്ങളോടുകൂടിയ ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാദമി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടെ നിർമ്മിക്കുന്ന സ്വിമ്മിംഗ് പൂളിന്റെ പണി ഏകദേശം പൂർത്തിയായി വരുന്നു. ഇത് പൂർത്തിയാകുന്നതോടെ ജീവനക്കാർക്ക് നീന്തലിലും ഡൈവിംഗിലും വിദഗ്ദ്ധപരിശീലനം അക്കാദമിയിൽ വച്ചുതന്നെ നൽകാൻ കഴിയുന്നതാണ്. ഫയർ & റെസ്ക്യൂ സർവ്വീസസ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഒരു കോടി അറുപത്തിനാലു ലക്ഷം രൂപ ചെലവാക്കി 3 സെറ്റ് ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്, വാട്ടർ ടെൻഡർ ഫാബ്രിക്കേറ്റ് ചെയ്യുന്നതിനായി 4 ഷാസിസ്, 50 ചെയിൻസോ, 1 ഇൻഫ്ലാറ്റബിൾ എമർജൻസി ടവർ ലൈറ്റിംഗ് സിസ്റ്റം, 1 പോർട്ടബിൾ പമ്പ്, 574 മോട്ടോർ ബാറ്ററികൾ, 15 ഫാക്സ് മെഷീൻ, 14899 ലിറ്റർ ഫോം കോമ്പൗണ്ട്, 2166 റെയിൻകോട്ട്, ഫർണിച്ചർ എന്നിവ വാങ്ങുകയുണ്ടായി. ഫയർ & റെസ്ക്യൂ സ്റ്റേഷനുകളുടെ സുഗമമായ പ്രവർത്തനത്തിലേയ്ക്കായി വിവിധ തസ്തികകളിലെ 921 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട് ; : (ബി) രണ്ട്.

(Contd.............3.)

(സി) ഈ വർഷം ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

: (സി) ഈ വർഷം 7 ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഫയർമാൻമാരുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഫയർമാൻ തസ്തിക പുതുതായി സൃഷ്ടിച്ചു എന്നറിയിക്കുമോ ;

: (ഡി) ഉണ്ട്. പരിഗണനയിൽ

(ഇ ) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി കേന്ദ്രത്തിനു സമർപ്പിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

: (ഇ ) ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ നവീകരണത്തിനായി 92.39 കോടിയുടെ ഒരു പ്രോജക്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 189 — 02.12.2008 ൽ മറുപടിക്ക്.

## പോലീസ് ആക്ടിൽ ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. അടൂർ പ്രകാശ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി) |
| (എ) പോലീസ് ആക്ടിൽ ഭേദഗതി വരുത്തുവാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ബി) ഇപ്പോഴത്തെ പോലീസ് ആക്ട് കാലാനുസൃതമായി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സജീവമായി പുരോഗമിച്ചുവരുന്നു. ഇതിനകം തന്നെ പോലീസ് ആക്ടിന്റെ നക്കൽ (ഡ്രാഫ്റ്റ്) തയ്യാറാക്കിക്കഴിഞ്ഞു. പോലീസ് ആക്ടിന്റെ നക്കൽ സമൂഹത്തിന്റെ എല്ലാ തലങ്ങളിൽ നിന്നുമുള്ള വ്യക്തികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് ആവശ്യമായ ഭേദഗതികളോടുകൂടി ബഹു: നിയമസഭ മുമ്പാകെ കഴിയുന്നതും വേഗം സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു. |

Anitha devi
[illegible]

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 190 — 2.12.2008 ൽ മറുപടിക്ക്

## വിജിലൻസ് അന്വേഷണങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ദിവാകരൻ:<br>ശ്രീ.ബാബു എം.പാലിശ്ശേരി:<br>ശ്രീ.ബി.ഡി.ദേവസ്സി:<br>ശ്രീ.എം.ഹംസ.<br>ശ്രീ.എം.ജെ.ജേക്കബ്: | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>( ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിജിലൻസ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സർക്കാർ ഓഫീസുകളിലെ അഴിമതി സംബന്ധിച്ച വിവരം ലഭിച്ചാൽ വിജിലൻസ് ഡയറക്ടറുടെ രേഖാമൂലമുള്ള അനുമതിയില്ലാതെ അന്വേഷണം നടത്താൻ എസ്.പി.മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥർക്ക് അനുവാദം നൽകിയിട്ടുണ്ടോ; | (ബി) സർക്കാർ ഓഫീസുകളിൽ അഴിമതി നടന്നതായി വ്യക്തികളിൽ നിന്ന് പരാതി ലഭിച്ചാൽ പ്രസ്തുത പരാതി പരിശോധിച്ച് വിജിലൻസ് അന്വേഷണം ആവശ്യമാണെന്ന് കാണുകയാണെങ്കിൽ അതിന് സർക്കാരിൽ നിന്നും വിജിലൻസ് ഡയറക്ടർ അനുവാദം തേടാറുണ്ട്.എന്നാൽ സർക്കാർ ഓഫീസുകളിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ പൊതുജനത്തോട്/വ്യക്തിയോട് കൈക്കൂലി ആവശ്യപ്പെട്ടാൽ ഇത് സംബന്ധിച്ച് ആ ഉദ്യോഗസ്ഥനെ കുടുക്കാൻ കെണിയൊരുക്കുന്നതിനും അയാൾക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിലെ യൂണിറ്റ് ഓഫീസ് മേധാവികളായ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാർക്ക് |

വിജിലൻസ് ഡയറക്ടർ അധികാരം നൽകിയിട്ടുണ്ട്.

വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ യൂണിറ്റ് ആഫീസുകളിൽ ലഭിക്കുന്ന പരാതികളിൽമേൽ മിന്നൽ പരിശോധന ആവശ്യമാണെന്ന് കാണുകയാണെങ്കിൽ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി അനുവാദം വാങ്ങിയശേഷം അനുവാദം ലഭിച്ച വസ്തുത രേഖപ്പെടുത്തിയ ശേഷം മിന്നൽ പരിശോധന നടത്തുന്നതിന് ബ്യൂറോയുടെ മേഖലാ പോലീസ് സൂപ്രണ്ടുമാർക്ക് അത് നടത്തുന്നതിനുള്ള ഉത്തരവ് നൽകുവാൻ വിജിലൻസ് ഡയറക്ടർ അധികാരം നൽകിയിട്ടുണ്ട്.

(സി) ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) പരാതികളിന്മേൽ നടപടി സ്വീകരിക്കുവാൻ സാധാരണഗതിയിൽ ഉണ്ടാകാനിടയുള്ള കാലവിളംബം ഒരു പരിധിവരെ ഒഴിവാക്കുവാൻ മിന്നൽ പരിശോധനയിലൂടെ സാധ്യമാകുന്നു. കെണിയൊരുക്കി (ട്രാപ്പ്) കൈക്കൂലി വാങ്ങുന്നവരെ കൈയ്യോടെ പിടികൂടി കേസ് രജിസ്റ്റർ ചെയ്യുന്നതിനും അതുവഴി അഴിമതി ഒരു പരിധിവരെ തടയുവാനും സാധിച്ചിട്ടുണ്ട്.

(ഡി) അന്വേഷണ ഉദ്യോഗസ്ഥർ അധികാരം ദുർവിനിയോഗം ചെയ്യാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(ഡി) സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 191

02.12.2008 – ൽ
മറുപടിക്ക്

## കയർ മേഖലയുടെ ഉന്നമനത്തിനായി നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) പരമ്പരാഗത വ്യവസായമായ കയർമേഖലയുടെ ശോചനീയമായ അവസ്ഥയെക്കുറിച്ച് ശാസ്ത്രീയപഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പഠന ഫലങ്ങൾ; | (എ) ഉണ്ട്. ശ്രീ. ആനത്തലവട്ടം ആനന്ദൻ എം.എൽ.എ ചെയർമാനായി കയർ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി പഠനം നടത്തുന്നതിലേയ്ക്കായി സർക്കാർ കയർ കമ്മീഷൻ രൂപീകരിക്കുകയും 10.10.08 – ൽ കയർ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ചുവടെ വിവരിക്കുന്ന കാര്യങ്ങൾ പ്രധാനമായും ശുപാർശ ചെയ്തുകൊണ്ടുള്ള റിപ്പോർട്ടാണ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ളത്. ഇതുകൂടാതെ കേരളത്തിലെ കയർ മേഖലയുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കാൻ കയർ സെൻസസും നടത്തി. |

- തൊണ്ട്-ചകിരി ദൗർലഭ്യം :- സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന നാളികേരത്തിനനുസൃതമായി തൊണ്ട് ചകിരിയുല്പാദനത്തിനായി ലഭിക്കുന്നില്ല. ഇതിന് പരിഹാരമായി തൊണ്ട് സംഭരണം പഞ്ചായത്ത് തലത്തിൽ തൊഴിലാളികൾ മുഖേനയും തൊണ്ട് സംഘങ്ങൾ രൂപീകരിച്ചും, കൺസോർഷ്യം മുഖേനയും നടത്താൻ ശുപാർശ ചെയ്തിട്ടുണ്ട്. തൊണ്ടിന് 10 പൈസ സബ്സിഡി നൽകാൻ ശുപാർശയുണ്ട്. ചകിരി ഉല്പാദനത്തിനായി സഹകരണ മേഖലയിലും സ്വകാര്യമേഖലയിലും 50 ഡീഫൈബറിംഗ് മില്ല് സ്ഥാപിക്കുന്നതിനും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.
- കയർ മേഖലയിലെ കുറഞ്ഞ കൂലിയും കുറഞ്ഞ ഉല്പാദന ക്ഷമതയും ഈ മേഖലയെ അനാകർഷകമാക്കിയെന്നും

ഇതിനു പരിഹാരമായി മെച്ചപ്പെട്ട പരിശീലനവും കൂടുതൽ ഉല്പാദനക്ഷമത യുള്ള റാട്ടുകളും അതിലൂടെ മെച്ചപ്പെട്ട വേതനവും ലഭ്യമാക്കുന്നതിലേയ്ക്കായി കമ്മീഷൻ ശുപാർശ നൽകിയിട്ടുണ്ട്. അതേപോലെ ആധുനിക രീതിയിലുള്ള ഉല്പാദനക്ഷമത കൂടിയ അനുപം ലൂം, അനുഗ്രഹ ലൂം എന്നിവ സംഘങ്ങളിൽ സർക്കാർ സഹായത്തോടെ സ്ഥാപിച്ച് കൂടുതൽ ഉല്പാദനം നടത്തുന്നതിലേയ് ക്കായി ശുപാർശ നൽകിയിട്ടുണ്ട്.

- ❖ കയർ സഹകരണ സംഘങ്ങൾക്ക് അടി സ്ഥാന സൗകര്യം വർദ്ധിപ്പിച്ച് അവയ്ക്ക് പ്രവർത്തന മൂലധനം നൽകി പുനരുദ്ധരി ക്കുന്നതിലേയ്ക്കായിട്ടുള്ള ശുപാർശ കമ്മീഷൻ നൽകിയിട്ടുണ്ട്.
- ❖ വിപണന സാദ്ധ്യതകൾ വിപുലമാക്കുന്നതി ലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുക, കയർ ഉൽപന്നങ്ങൾ പുതിയ ഡിസൈനിലും പാറ്റേണിലും വികസിപ്പിക്കുക, വൈവിദ്ധ്യ വൽക്കരണത്തിനുള്ള നടപടികൾ സ്വീകരി ക്കുക, കയർ മേഖലയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിലേയ് ക്കായി പുതിയ ഫാക്ടറി സ്ഥാപിക്കുക എന്നിവ കയർ കമ്മീഷന്റെ നിർദ്ദേശങ്ങ ളാണ്.
- ❖ കയർ മംഗത്തെ ഫെസിലിറ്റേറ്റർ ആയി കയർ ഇൻസ്പെക്ടർ ആഫീസുകൾ, കയർ പ്രോജക്ട് ഓഫീസുകൾ, കയർ വികസന ഡയറക്ടറേറ്റ് എന്നിവ വിപുലീകരിക്കുക എന്നിവയും കമ്മീഷന്റെ പ്രധാന നിർദ്ദേ ങ്ങളാണ്.
- ❖ കയർ തൊഴിലാളികളെയെല്ലാം ഇ.എസ്. ഐ. പരിധിയിൽ കൊണ്ടു വരിക, തൊഴിലാളികൾക്ക് മുഴുവനും ഇൻഷ്വ റൻസ് പരിരക്ഷ നൽകുക, പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കയർ മേഖലയിൽ സഹായം നൽകുന്നതിനുള്ള വ്യവസ്ഥ ഡിസാസ്റ്റർ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുക.
- ❖ ചെറുകിട ഉൽപാദകർക്കും കയർ സഹകരണ സംഘങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകുക,

ചെറുകിട ഉൽപാദകർക്കായി കടാശ്വാസം ഏർപ്പെടുത്തുക.

- ❖ കയർ മേഖലയിലെ ഗവേഷണ വികസന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തുക, കൂടുതൽ മെച്ചപ്പെട്ട പരിശീലനങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തുക, കയർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പോളിടെക്നിക്കുകൾ, ഐ.റ്റി.ഐ.കൾ എന്നിവയിൽ ഉൾപ്പെടുത്തുക.
- ❖ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മാതൃകയിൽ കയർ മന്ത്രി ചെയർമാനും കയർ രംഗത്തെ വിദഗ്ദ്ധനെ വൈസ് ചെയർമാനുമായി അപ്പക്സ് ബോഡി ഫോർ കയർ (ABC) രൂപീകരിക്കുക.
- ❖ കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ്, കയർ കോർപ്പറേഷൻ എന്നിവ ശക്തിപ്പെടുത്താനും കയർ തൊഴിലാളികൾക്ക് ആകർഷകമായ വേതനം നൽകാനും റിപ്പോർട്ടിൽ ശുപാർശയുണ്ട്.

**(ബി)** ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് കുറ്റമറ്റ രീതിയിലുള്ള പഠനം നടത്തുവാൻ സർക്കാർ സത്വര നടപടി സ്വീകരിക്കുമോ;

**(ബി)** പ്രസക്തമല്ല.

**(സി)** കയർത്തൊഴിലാളികൾക്കും ആശ്രിതർക്കും നൽകിവരുന്ന അനുകൂല്യങ്ങൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

**(സി)** ശ്രദ്ധയിൽപ്പെട്ടിരുന്നു. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡുവഴി കയർ തൊഴിലാളികൾക്കും ആശ്രിതർക്കും നൽകുന്ന ആനുകൂല്യങ്ങൾ 01.11.06 മുതൽ പരമാവധി 5 ഇരട്ടി വരെയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 01.04.08 മുതൽ 110 രൂപയിൽ നിന്നും പെൻഷൻ 200 രൂപ ആയും വർദ്ധിപ്പിച്ചിട്ടുണ്ട്.

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് ക്ഷേമനിധിയിൽ അംഗമായിട്ടുള്ള തൊഴിലാളികളുടെ കാൻസർ, വൃക്കരോഗം, ഹൃദയസംബന്ധമായ അസുഖങ്ങൾ, ഗർഭാശയ രോഗങ്ങൾ എന്നീ അസുഖങ്ങൾക്ക് ചികിത്സാ സഹായമായി 10,000/- രൂപ വരെ നൽകുന്നതിലേയ്ക്കായി 25 ലക്ഷം രൂപ 2008-09 വർഷം സർക്കാർ അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) കയർമേഖലയുടെ ഉന്നമനത്തിനായി പുതിയതായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി 75 ശതമാനം ഗ്രാന്റ് നൽകി ഉൾനാടൻ പ്രദേശങ്ങളിൽ ഡീഫൈബറിംഗ് മില്ല് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>കയർതൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ചു. കയർ സഹകരണ സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിന് കമ്മറ്റി രൂപീകരിച്ചു.<br>വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലി. ന്റെ ആഭിമുഖ്യത്തിൽ വൈക്കത്ത് കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറിയും കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കണിച്ചുകുളങ്ങരയിൽ സങ്കര യാൺ ഫാക്ടറിയും സ്ഥാപിക്കുന്നതിനായിട്ടുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.<br>സംസ്ഥാനത്തെ 350 സംഘങ്ങളിൽ ശരാശരി 20-25 തൊഴിലാളികൾക്ക് പരിശീലനവും മെച്ചപ്പെട്ട റാട്ടുകൾ വിതരണം ചെയ്യുകയും ചെയ്യുന്ന പദ്ധതി ഉടനെ നടപ്പിലാക്കുന്നതാണ്.<br>കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണി വിപുലീകരിച്ച് കൂടുതൽ ഉല്പാദനവും അതിലൂടെ കൂടുതൽ തൊഴിൽ ദിനങ്ങളും തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുന്നതിലേയ്ക്കായി കയർഫെഡ്, കയർപൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഉല്പന്നങ്ങൾ സംസ്ഥാനത്തെ വിവിധ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ വഴി വിറ്റഴിക്കുന്ന പദ്ധതിക്ക് 2008 ജൂൺ മാസം തുടക്കം കുറിക്കുകയുണ്ടായി.<br>കയർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ചു വരികയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുമായി ആശയവിനിമയം നടത്തി റിപ്പോർട്ട് കയർ മേഖലയ്ക്ക് ഗുണപ്രദമാകുന്ന രീതിയിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.192

2.12.2008 - ൽ മറുപടിക്ക്

## കൗമാരപ്രായക്കാരുടെ കുറ്റവാസന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. എൻ. ശക്തൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൗമാരപ്രായക്കാരുടെ ഇടയിൽ വർദ്ധിച്ചു വരുന്ന കുറ്റവാസന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കൗമാരപ്രായക്കാരായ കുറ്റവാളികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ ; | (ബി) കൗമാരപ്രായക്കാരായ കുറ്റവാളികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം ; | (സി) കുടുംബ പ്രശ്നങ്ങളും, സാമൂഹ്യ ചുറ്റുപാടുകളും ദൃശ്യ മാധ്യമങ്ങളുടെ അതിപ്രസരവും, കൗമാരക്കാരുടെ ഇടയിൽ കുറ്റവാളികളുടെ എണ്ണം വർദ്ധിക്കാൻ ഒരു പരിധിവരെ കാരണമായിട്ടുണ്ട് എന്ന് കരുതുന്നു. |
| (ഡി) കൗമാരപ്രായക്കാർ കുറ്റവാളികളാകുന്നതു തടയുന്നതിന് എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഡി) സ്കൂൾ തലങ്ങളിലും, കോളേജ് തലങ്ങളിലും ബോധവത്ക്കരണ ക്ലാസ്സുകളും കുറ്റകൃത്യങ്ങൾ തടയുന്നതിനും, കുറ്റം ചെയ്താൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചുള്ള സെമിനാറുകളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 193. 02.12.2008-ലെ മറുപടിക്ക്

## സ്കൂൾ ലൈബ്രറികൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ :<br>ശ്രീ. എ. എം. ആരിഫ് :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. സി. കെ. സദാശിവൻ :<br>ശ്രീ. വി. ശശികുമാർ : | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |

(എ) സ്കൂൾ ലൈബ്രറികൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(എ) 2006 മാർച്ചിലെ എസ്. എസ്. എൽ. സി. പരീക്ഷയിൽ വിജയശതമാനം കുറഞ്ഞ 104 സ്കൂളുകളിൽപ്പെട്ട 93 സർക്കാർ സ്കൂളുകളും 2006-07 വർഷത്തെ ശാസ്ത്ര-പ്രവർത്തി പരിചയ മേളയുടെ സംസ്ഥാനതല മത്സരത്തിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവെച്ച സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുത്ത 11 സർക്കാർ സ്കൂളുകളും കൂടി ആകെ 104 സ്കൂളുകളിലെ ലൈബ്രറികൾ മെച്ചപ്പെടുത്തുന്നതിനായി 12-ാം ധനകാര്യ കമ്മീഷന്റെ ശുപാർശപ്രകാരം 7 കോടി രൂപ അനുവദിച്ചു. പ്രസ്തുത സ്കൂളുകളുടെ വിഹിതം ബന്ധപ്പെട്ട പതിനാല് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് 2007-08 മാർച്ചിൽ നൽകുകയുണ്ടായി. പൊതു വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ രൂപീകരിച്ച വിദഗ്ദ്ധ സമിതി തെരഞ്ഞെടുത്ത പുസ്തകങ്ങൾ 104 സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിലേയ്ക്ക് സർക്കാർ ഏജൻസി ആയ ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് പുസ്തക വിതരണം സ്കൂളുകളിൽ നടന്നുവരുന്നു.

..............2

| | | | |
|---|---|---|---|
| (ബി) | പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ എത്ര കോടി രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ; | (ബി) | 7 (ഏഴ്) കോടി രൂപ. |
| (സി) | കുട്ടികൾക്ക് ലൈബ്രറികളിൽ നിന്നും പുസ്തകങ്ങൾ വിതരണം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (ഡി) | ഉണ്ട്. പാഠ്യപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ സമാനമായ വിഷയങ്ങളെക്കുറിച്ച് വായിക്കുന്നതിനും ഇക്കാര്യത്തിൽ സെമിനാറുകൾ, കുറിപ്പുകൾ, പ്രോജക്റ്റുകൾ എന്നിവ തയ്യാറാക്കുന്നതിനും നിർദ്ദേശം നല്കുന്നുണ്ട്. ഈ അവസരങ്ങൾ കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് സഹായിക്കുന്നു. കൂടാതെ എസ്സ് എസ്സ് എ യുടെ ഭാഗമായി ക്ലാസ്സുകളിൽ വായനാമൂലകൾ സംഘടിപ്പിക്കുകയും കുട്ടികളെ കൂടുതൽ വായിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

---

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 194

02.12.2008-ൽ
മറുപടിയ്ക്കു്

## "തിരുവിതാംകൂർ ദേവസ്വം ബോർഡ്"

ചോദ്യം
ശ്രീ. പി.സി.വിഷ്ണുനാഥ്
" തേറമ്പിൽ രാമകൃഷ്ണൻ
" ജി.കാർത്തികേയൻ

ഉത്തരം
ശ്രീ.ജി.സുധാകരൻ
ബഹുമാനപ്പെട്ട സഹകരണവും കയറും
ദേവസ്വവും വകുപ്പ് മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വരവു കുറഞ്ഞതായി നിലവിലെ ദേവസ്വം കമ്മീഷണർ ദേവസ്വം ഓംബുഡ്സ്മാന് റിപ്പോർട്ട് നല്കിയിട്ടുണ്ടോ;<br>(ബി) ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം കുറഞ്ഞതിനെപ്പറ്റി നിലവിലുള്ള അക്കൗണ്ട്സ് ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (എ) & (ബി) റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (സി) എങ്കിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇത് സംബന്ധിച്ച് എന്ത് നടപടി എടുത്തു എന്ന് വെളിപ്പെടുത്തുമോ? | (സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വരവ് കുറഞ്ഞതായുള്ള സംഗതി ദേവസ്വം ബോർഡ് കമ്മീഷണർ ഗൗരവമായി കണ്ട് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ എന്നിവരുടെ യോഗം വിളിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതായി ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. കൂടാതെ ബോർഡിന്റെ പ്രധാന വരുമാനം ശബരിമലയെ ആശ്രയിച്ചതായതിനാൽ ശബരിമലയിൽ വരുമാനം വർദ്ധിക്കുന്നതിന് ആവശ്യമായ നടപടികൾ ബോർഡ് |

സ്വീകരിക്കുകയും, അതിന്റെ ഫലമായി ഈ വർഷം ശബരിമലയിൽ വരുമാനം വർദ്ധിക്കുകയും ചെയ്യുതായി ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉത്സവത്തിന്റെ ആദ്യ 10 ദിവസത്തെ മൊത്ത വരുമാനം 14കോടി 65ലക്ഷം രൂപയാണ്. ഇത് കഴിഞ്ഞ വർഷത്തെ വരുമാനത്തേക്കാൾ 5കോടി 79ലക്ഷം രൂപ കൂടുതലാണ്. അരവണയിൽ നിന്ന് 10 ദിവസം കൊണ്ട് 5കോടി 99ലക്ഷം രൂപ വരുമാനം ഉണ്ടായി. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 2കോടി 93ലക്ഷം രൂപ കൂടുതലാണെന്നും ബോർഡ് അറിയിച്ചിരിക്കുന്നു.

വരവ് വർദ്ധിപ്പിക്കാൻ ന്യായമായ മാർഗ്ഗങ്ങൾ തേടാൻ സർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 195

02.12.2008 - ൽ മറുപടിയ്ക്ക്

വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. എൻ.അനിരുദ്ധൻ :<br>ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീ. ബാബു പോൾ : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണ മേഖലയിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തിരുമാനമുണ്ടായിട്ടുണ്ടോ : | (എ) സഹകരണ മേഖലയിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് കേരളം അന്തിമ തിരുമാനം കൈകൊണ്ടിട്ടില്ല. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ മുഴുവൻ ശുപാർശകളും അംഗീകരിക്കാൻ കഴിയുന്നതല്ല. ഇത് നടപ്പാക്കുന്നത് സംബന്ധിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് വിവിധ ഭാഗങ്ങളിൽ നിന്ന് ഉണ്ടായിട്ടുള്ളത്. പാക്കേജ് ഭാഗികമായി നടപ്പിലാക്കാൻ കഴിയുന്നതല്ല. പൂർണ്ണമായി നടപ്പാക്കിയേ മതിയാവൂ. പാക്കേജ് നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ ഏകോപന ഏജൻസിയായി നബാർഡിനെ ചുമതലപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം രണ്ടുവട്ടം നബാർഡുമായി ചർച്ച നടത്തിയിട്ടുണ്ട്. 2007 ഒക്ടോബറിൽ ആറാം സഹകരണ കോൺഗ്രസിലും തുടർന്ന് സംസ്ഥാന സഹകരണ യൂണിയന്റെ നേതൃത്വത്തിൽ കോ-ബാങ്ക് ടവ്വേഴ്സിൽ വച്ച് സംസ്ഥാനത്തെ എല്ലാ സർക്കിളുകളിലെയും |

പ്രമുഖ സഹകാരികളുടെ യോഗത്തിലും പ്രസ്തുത വിഷയം പ്രത്യേകം ചർച്ച ചെയ്യുകയുണ്ടായി. എങ്കിലും ഇതു സംബന്ധിച്ച് ഒരു അഭിപ്രായ ഐക്യം രൂപപ്പെടുത്തുന്നതിനോ പാക്കേജ് നടപ്പിലാക്കണമെന്ന് തീരുമാനിക്കുകയോ ഉണ്ടായില്ല.

| | |
|---|---|
| (ബി) റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് മുൻ ഗവൺമെന്റിന്റെ കാലത്തുണ്ടായ തീരുമാനം എന്താണെന്ന് വെളിപ്പെടുത്തുമോ ; | (ബി) വെളിപ്പെടുത്താം. ഗ്രാമീണ സഹകരണ വായ്പാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള ഒരു കർമ്മ പദ്ധതിയും ഈ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് വേണ്ട നിയമ നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി പ്രൊഫസർ വൈദ്യനാഥൻ ചെയർമാനായുള്ള ഒരു ടാസ്ക് ഫോഴ്സിനെ 2004 ആഗസ്റ്റ് മാസം ഇന്ത്യാ ഗവൺമെന്റ് നിയോഗിച്ചു. കമ്മിറ്റി 4.2.2005 ന് റിപ്പോർട്ട് സമർപ്പിച്ചു. 27.6.2005 ന് ദേശീയ വികസന കൗൺസിൽ ചർച്ച ചെയ്യുകയുണ്ടായി. 9.9.2005 ന് സംസ്ഥാന മുഖ്യമന്ത്രിമാരുടെയും 29.9.2005 ന് സംസ്ഥാന ധനകാര്യ/ സഹകരണ വകുപ്പ് മന്ത്രിമാരുടെയും യോഗത്തിൽ വിഷയം ചർച്ച ചെയ്യുകയുണ്ടായി. 29.9.2005 ന് ചേർന്ന യോഗത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി പങ്കെടുക്കുകയുണ്ടായി. കൂടാതെ 27.4.2005 ന് സംസ്ഥാന മുഖ്യമന്ത്രി, കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് കത്തയയ്ക്കുകയും വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് ദോഷകരമാണെന്നറിയിക്കു |

കയും ചെയ്തിട്ടുണ്ട്. മാത്രവുമല്ല വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ സംസ്ഥാനത്തിന് ദോഷകരമായി ബാധിക്കുമെന്നതിനാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ആയത് നടപ്പാക്കുന്നത് സംബന്ധിച്ച് തീരുമാനം ഒന്നുംതന്നെ എടുത്തിരുന്നില്ല.

(സി) റിപ്പോർട്ടിലെ വ്യവസ്ഥകൾ അതേപടി സംസ്ഥാനത്ത് നടപ്പാക്കാൻ കഴിയില്ലെന്ന് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേലുള്ള കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ?

(സി) ഗ്രാമീണ സഹകരണ വായ്പാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ മുഴുവൻ ശുപാർശകളും സംസ്ഥാന സർക്കാരിന് അംഗീകരിക്കാൻ കഴിയുന്നതല്ല. ശുപാർശകൾ ഭാഗികമായി നടപ്പാക്കാൻ കഴിയുകയില്ല, പൂർണ്ണമായി നടപ്പിലാക്കിയേ മതുയാവൂ. ഇത് നടപ്പാക്കുന്നത് സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളാണ് കേരളത്തിലെ സഹകാരി സമൂഹത്തിൽ നിന്ന് ഉയർന്ന് വന്നിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളുമായി കേരളത്തിലെ സഹകരണ മേഖലയെ താരതമ്യം നടത്താൻ കഴിയില്ല. സമൂഹത്തിന്റെ സമസ്ത മേഖലയിലും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ബന്ധപ്പെട്ടു കിടക്കുന്ന സംസ്ഥാനത്തിന്റെ വായ്പാ സഹകരണ മേഖല രാജ്യത്തെ മറ്റ് സംസ്ഥാങ്ങളിലെ സഹകരണ മേഖലയിൽ നിന്നും വ്യത്യസ്തമായി ചലനാത്മകമാണ്. മേൽ സാഹചര്യത്തിൽ റിപ്പോർട്ടിലെ മുഴുവൻ ശുപാർശകളും അംഗീകരിക്കാൻ കഴിയുന്നതല്ലെന്നും കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കേരളത്തിന് യോജിച്ച തരത്തിൽ പാക്കേജ് നടപ്പാക്കുന്നതിന് അനുവദിക്കുന്നതിനും

നബാർഡുമായി സമവായത്തിലെത്തുന്നതിന് ഒരു പ്രത്യേക ടീമിനെ നിയോഗിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഓരോ ജില്ലയിലും ഒരു സംഘം/ബാങ്കിൽ പരീക്ഷണാടിസ്ഥാനത്തിൽ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ താല്പര്യവും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇതു സംബന്ധിച്ച മറുപടി ഒന്നും തന്നെ ലഭിച്ചിട്ടില്ല. മാത്രവുമല്ല പാക്കേജ് നടപ്പാക്കാനുള്ള നിർവ്വഹണ ഏകോപന ഏജൻസിയായി നബാർഡിനെ നിശ്ചയിച്ച സാഹചര്യത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡുമായി രണ്ടുവട്ടം ചർച്ച നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 196 — 2-12-2008ൽ മറുപടിയ്ക്ക്

## വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എൻ. വാസവൻ :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം :<br>ശ്രീ. മഞ്ഞളാംകുഴി അലി: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ). കേരളത്തിന്റെ അന്യം നിന്നുപോകുന്ന തനത് കലാരൂപങ്ങളിൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി രൂപം കൊടുത്ത പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ; | എ) കേരളത്തിന്റെ തനത് നാടൻ കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും അവയ്ക്ക് പ്രചാരം നൽകി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി സംസ്ഥാന ടൂറിസം വകുപ്പ് 'ഉത്സവം' എന്ന പേരിൽ ഒരു പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരളത്തിന്റെ സമ്പന്നവും വൈവിദ്ധ്യവുമായ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് വിനോദ സഞ്ചാരികളെ ബോധവാന്മാരാക്കുകയും അതുവഴി കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാനുമാണ് ഈ പരിപാടി ലക്ഷ്യമിടുന്നത്. കേരളത്തിലെ നൂറിൽ പരം നാടോടി ആദിവാസി കലാരൂപങ്ങളും ക്ലാസ്സിക്കൽ കലാരൂപങ്ങളായ കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം, ചാക്യാർകൂത്ത് എന്നിവയും സോപാന സംഗീതം, മാപ്പിള പാട്ടുകൾ, ക്ലാസിക്കൽ സംഗീതം, നാടോടി ഗാനങ്ങൾ എന്നിവയുമാണ് 'ഉത്സവം' പരിപാടിയിലൂടെ അവതരിപ്പിക്കുന്നത്. |
| ബി) ഈ പദ്ധതി പ്രകാരം ടൂറിസം സീസണിൽ ഈ വർഷം എത്ര കേന്ദ്രങ്ങളിലായി എത്ര കലാരൂപങ്ങൾ അരങ്ങേറുമെന്ന് വിശദമാക്കുമോ; | ബി) ഈ വർഷത്തെ ടൂറിസം സീസണിൽ സംസ്ഥാനത്തെ 14 ജില്ലകളിലെ 23 കേന്ദ്രങ്ങളിലായി ഏകദേശം നൂറോളം കലാരൂപങ്ങൾഅവതരിപ്പിക്കുന്നതായിരിക്കും. |
| സി) ഒരു ടൂറിസം സീസണിലെ മുഴുവൻ കലാപരിപാടികളുടേയും കലണ്ടർ തയ്യാറാക്കി ലോകമെമ്പാടും എത്തിക്കാൻ ടൂറിസം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) ഉണ്ട്. |

| | |
|---|---|
| ഡി) ഈ ടൂറിസം സീസണിലെ ഉത്സവ പദ്ധതി എന്തെല്ലാം നിലയിലുള്ള മാറ്റങ്ങളോടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്? | ഡി) കൂടുതൽ ടൂറിസ്റ്റുകേന്ദ്രങ്ങളെ വേദികളായി നിശ്ചയിച്ചും കൂടുതൽ ദിവസങ്ങളിൽ കൂടുതൽ പരിപാടികൾ അവതരിപ്പിക്കുന്നതിന് അവസരം നൽകിയും ഈ ടൂറിസം സീസണിലെ ഉത്സവപരിപാടി നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

Saraswathi

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 197**

**02.12.2008 - ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. സി.കെ.പി. പത്മനാഭൻ :<br>ശ്രീ. പി. വിശ്വൻ :<br>ശ്രീ. പി. കൃഷ്ണ പ്രസാദ് :<br>ശ്രീ. എം. ചന്ദ്രൻ : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) കർഷകരുടെ കടങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) വിശദമാക്കാം.<br><br>1) <u>കാർഷിക കടങ്ങളിന്മേലുള്ള ജപ്തി നടപടി നിർത്തിവച്ചത് സംബന്ധിച്ച്</u><br><br>സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കർഷകരെടുത്തിരുന്ന കാർഷിക കടങ്ങളിന്മേലുള്ള ജപ്തി നടപടികൾ 31-12-2006 വരെ നിർത്തിവയ്ക്കുകയുണ്ടായി.<br><br>2) <u>ആത്മഹത്യ ചെയ്ത കർഷകരുടെ കാർഷിക കടങ്ങൾ എഴുതി തള്ളിയത് സംബന്ധിച്ച്</u><br><br>01-01-1999 മുതൽ 31-07-2006 വരെ കാർഷിക കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കാർഷിക കടങ്ങൾ എഴുതി തള്ളുവാൻ ജി.ഒ. (എം.എസ്) 191/06/സഹ:/നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 629 വായ്പകളിലായി 1,70,00,258/ രൂപ എഴുതി തള്ളിയിട്ടുണ്ട്. ടി ബാദ്ധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ടി തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നതിന് |

ടി വായ്പകളിന്മേലുള്ള വകുപ്പുതല പരിശോധന പുരോഗമിച്ചുവരികയാണ്.

3) <u>പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകൾക്കായുള്ള വിദർഭാ മാതൃക പാക്കേജ്</u>

പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകൾക്കായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പദ്ധതിയിൻ കീഴിൽ ടി ജില്ലകളിലെ കർഷകർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്ന കാർഷിക വായ്പകളിൽ 01-07-2006 ൽ കുടിശികയായി നിൽക്കുന്ന കാർഷിക വായ്പകൾക്ക് അന്നുവരെയുള്ള പലിശ കുടിശിക കേന്ദ്ര/സംസ്ഥാന സർക്കാരുകൾ തുല്യമായി ഏറ്റെടുക്കുവാനും പ്രസ്തുത വായ്പകളെ 3 മുതൽ 5 വർഷം വരെ കാലാവധിയുള്ള പുതിയ വായ്പകളായി പരിവർത്തനം ചെയ്ത് നൽകുവാനും, പരിവർത്തനം ചെയ്ത് നൽകുന്ന വായ്പകൾക്ക് ആദ്യ ഒരു വർഷം മൊറട്ടോറിയം അനുവദിച്ച് നൽകുന്നതിനും തീരുമാനിച്ചിരുന്നു. ആയതിന് സംസ്ഥാന സർക്കാർ വിഹിതമായി 68.65 കോടി രൂപ ചെലവഴിക്കേണ്ടി വരുമെന്ന് കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക സംസ്ഥാന സർക്കാർ നബാർഡിന് കൈമാറിയിരുന്നു. ടി പദ്ധതി നടത്തിപ്പിനായി 114.48 കോടി രൂപ നബാർഡ് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ വിഹിതമായി അനുവദിച്ച് നൽകുകയും ഇതിൽ 112.15 കോടി രൂപ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അർഹതയുള്ളതായി കണ്ടെത്തിയത് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 63391 വായ്പകളി

ലായി 81.03 കോടി രൂപയുടെ വായ്പ പരിവർത്തനം ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

4) കാർഷിക വായ്പകളുടെ പലിശ നിരക്ക് കുറച്ചത് സംബന്ധിച്ച്

കാർഷിക വായ്പകൾക്കുള്ള പലിശ നിരക്ക് 9 ശതമാനത്തിൽ നിന്നും 5.5– 6 ശതമാനം വരെയായി കുറയ്ക്കുകയുണ്ടായി. നബാർഡിന്റെ റീ. ഫൈനാൻസിന്റെ പലിശ നിരക്കിൽ ഉണ്ടായ വർദ്ധനവ് മൂലം നിലവിൽ 7 ശതമാനം പലിശയാണ് ഈടാക്കുന്നത്. സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും പരമാവധി 7 ശതമാനം പലിശ നിരക്കിൽ നൽകുന്ന കാർഷിക വായ്പകൾക്ക് 2 ശതമാനം ഇൻട്രസ്റ്റ് സബ്‌വെൻഷൻ നബാർഡ് മുഖേന ബാങ്കുകൾക്ക്/സംഘങ്ങൾക്ക് നൽകുന്നു. നെല്ല്, പച്ചക്കറികൃഷി, വാഴ, മരച്ചീനി എന്നീ കാർഷിക വിളകൾക്കുള്ള വായ്പകൾ 4 ശതമാനം പലിശ നിരക്കിൽ നൽകിയിരുന്നത്. നബാർഡ് റീ ഫൈനാൻസിന്റെ പലിശ നിരക്കിൽ ഉണ്ടായ വർദ്ധനവിനെ തുടർന്ന് ഇപ്പോൾ എല്ലാ വായ്പകൾക്കും 7 ശതമാനം പലിശ നിരക്ക് ആയി നിശ്ചയിച്ചിട്ടുണ്ട്.

5) കാർഷിക കടാശ്വാസം സംബന്ധിച്ച്

കാർഷിക കടാശ്വാസ പദ്ധതിയിൻ കീഴിൽ 23-01-04 മുതൽ ഒരു വർഷത്തെ പലിശയിളവ് ആനുകൂല്യമായി 107.45 കോടി രൂപ, 2006-07 കാലയളവിൽ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ടി ഇനത്തിൽ 29-12-2001 ന് മുൻപ് വിതരണം ചെയ്തിരുന്ന 50,000/ രൂപ

വരെയുള്ള കാർഷിക കടങ്ങൾക്കും, ഒരു കർഷകന്റെ പേരിലുള്ള ഒന്നിൽ കൂടുതൽ മേൽ വായ്പകൾക്കും 23-01-04 മുതൽ ഒരു വർഷത്തെ പലിശയിളവ് ആനുകൂല്യം അനുവദിച്ച് നൽകുന്നതിന് സർക്കാർ തീരുമാനിക്കു കയും, ഈ ഇനത്തിൽ 48.57 കോടിയോളം രൂപ വേണ്ടിവരുമെന്നും കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 20 കോടി രൂപ ഇതിനകം അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുക സംഘങ്ങൾക്ക് നൽകുന്നതിനുള്ള നട പടികൾ, പട്ടികകളിന്മേലുള്ള വകുപ്പുതല പരിശോധനാ നടപടി പൂർത്തിയായാലുടൻ സ്വീകരിക്കുന്നതാണ്.

6) <u>നെൽ കർഷകർക്ക് പലിശ രഹിത വായ്പ സംബന്ധിച്ച്</u>

നെൽകൃഷി വ്യാപിപ്പിക്കുന്ന തിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതി നുമായി സഹകരണ സംഘങ്ങൾ/ബാങ്കു കൾ വഴി 25,000/ രൂപ വരെയുള്ള പലിശ രഹിത വായ്പ നൽകി വരുന്നുണ്ട്. പലിശ യിനത്തിൽ ലഭിക്കാനുള്ള തുക സംഘ ങ്ങൾക്ക് സർക്കാർ നൽകുന്നതാണ്.

7) <u>വയനാട് ജില്ലക്കായുള്ള പ്രത്യേക പദ്ധതി സംബന്ധിച്ച്</u>

വയനാട് ജില്ലയിൽ ഒരേക്കറോ അതിന് താഴെയോ കൃഷി ഭൂമിയുള്ള കർഷ കർ സഹകരണ സംഘങ്ങളിൽ/ബാങ്കുക ളിൽ നിന്നും 30-06-06 വരെ എടുത്തിരുന്ന 25,000/ രൂപ വരെയുള്ള കാർഷിക കട ങ്ങൾ എഴുതി തള്ളുകയും, ടി എഴുതി തള്ളിയ കടങ്ങളുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്ത വകയിൽ 14.11 കോടി രൂപ സഹകരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുകയും ചെയ്തു.

8) അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് പദ്ധതി

യഥാസമയം വായ്പ തിരിച്ചടയ്ക്കുന്ന കർഷകരുടെ 25,000/ രൂപ വരെയുള്ള കാർഷിക വായ്പകളുടെ 5 ശതമാനത്തിൽ അധികരിക്കാത്ത തുകയാണ് പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് ആയി നൽകുന്നത്. 2006-07, 2007-08, 2008-09 വർഷങ്ങളിൽ ഈയിനത്തിൽ 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

9) ശതശതമാനം കുടിശിക നിവാരണം പദ്ധതി

ശതശതമാനം കുടിശിക നിവാരണം പദ്ധതി പ്രകാരം കുടിശികയായ കാർഷിക വായ്പകൾക്ക് 98.59 കോടി രൂപ പലിശ ഇളവനുവദിക്കുകയുണ്ടായി.

10) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഈ സർക്കാർ 107.29 കോടി രൂപയുടെയും പലിശയിളവ് അനുവദിച്ചിട്ടുണ്ട്.

11) കേന്ദ്ര കടാശ്വാസ പദ്ധതി 2008 സംബന്ധിച്ച്

കേന്ദ്ര സർക്കാരിന്റെ കടാശ്വാസ പദ്ധതി പ്രകാരം സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/സംഘങ്ങൾ 1127.44 കോടി രൂപയുടെ കാർഷിക കടം എഴുതി തള്ളുകയും ടി ഇനത്തിൽ 828.07 കോടി രൂപ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നബാർഡിൽ നിന്നും ഇതിനകം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) കാർഷിക വായ്പക (ളി. ൾക്ക് ഈ സർക്കാർ പലിശയിളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | വ്യക്തമാക്കാം. |

1) <u>പാലക്കാട്, വയനാട്, കാസർ ഗോഡ് ജില്ലകൾക്കായുള്ള വിദർഭാ മാതൃക പാക്കേജ്</u>

പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകൾക്കായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പദ്ധതിയിൻ കീഴിൽ ടി ജില്ലകളിലെ കർഷകർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്ന കാർഷിക വായ്പകളിൽ 01-07-2006-ൽ കുടിശികയായി നിൽക്കുന്ന കാർഷിക വായ്പകൾക്ക് അന്നുവരെയുള്ള പലിശ കുടിശിക കേന്ദ്ര/സംസ്ഥാന സർക്കാരുകൾ തുല്യമായി ഏറ്റെടുത്ത വകയിൽ സംസ്ഥാന സർക്കാർ വിഹിതമായി 68.65 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു.

2) <u>50,000/ രൂപ വരെയുള്ള കാർഷിക കടങ്ങൾക്ക് ഒരു വർഷത്തെ പലിശയിളവ് ആനുകൂല്യം</u>

50,000/ രൂപ വരെയുള്ള കാർഷിക കടങ്ങൾക്ക് 23-01-2004 മുതൽ ഒരു വർഷത്തെ പലിശയിളവ് ആനുകൂല്യം അനുവദിച്ച് നൽകുവാനും, ടി ആനുകൂല്യം 29-12-2001 ന് മുൻപും അതിന് ശേഷവും വിതരണം ചെയ്ത വായ്പകൾക്കും ഒരു കർഷകന്റെ പേരിലുള്ള ഒന്നിൽ കൂടുതൽ വായ്പകൾക്കും അനുവദിച്ച് നൽകുന്നതിനും ഉത്തരവാകുകയും ടി ആവശ്യത്തിലേക്കായി 20 കോടി രൂപ സർക്കാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി തുക സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. ടി പദ്ധതിയിൻ കീഴിൽ 29-12-2001 ന് ശേഷം വിതരണം ചെയ്തിരുന്ന 50000/ രൂപ <u>വരെയുള്ള</u> കാർഷിക കടങ്ങൾക്ക് 23-01-2004 മുതൽ ഒരു വർഷത്തെ പലിശയിളവായും, <u>വയനാട് ജില്ലക്കുള്ള</u> പ്രത്യേക പദ്ധതിയിൻ കീഴിൽ 01-04-2001 മുതൽ 31-03-2006 വരെയുള്ള 5 വർഷത്തെ പലിശയിളവ് ആനുകൂല്യമായി 107.45 കോടി രൂപയും അനു

വദിച്ച് നൽകിയിരുന്നത് ഈ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്തിട്ടുണ്ട്.

3, വയനാട് ജില്ലക്കായുള്ള പ്രത്യേക പദ്ധതി

വയനാട് ജില്ലയിലെ ഒരേക്കറോ അതിന് താഴെയോ കൃഷിഭൂമിയുള്ള കർഷകർ 30-06-2006 വരെ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്ന 25,000/ രൂപ വരെയുള്ള കാർഷിക കടങ്ങളുടെ മുതലും പലിശയും എഴുതി തള്ളിയ ഇനത്തിൽ 14.11 കോടി രൂപയുടെ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്ത് സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

4) ശതശതമാനം കുടിശിക നിവാരണം പദ്ധതി

ശതശതമാനം കുടിശിക നിവാരണം പദ്ധതി പ്രകാരം 98.59 കോടി രൂപ, കുടിശികയായ കാർഷിക വായ്പകളിന്മേൽ പലിശയിളവായി സംഘങ്ങൾ അനുവദിക്കുകയുണ്ടായിട്ടുണ്ട്.

5) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് 107.29 കോടി രൂപ പലിശയിളവായി സംഘങ്ങൾ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതി തള്ളിയ ഇനത്തിൽ സഹകരണ സംഘങ്ങൾക്ക് എന്ത് തുക ചെലവായി ; | (സി) | 01-01-1999 മുതൽ 31-07-2006 വരെ കാർഷിക കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കാർഷിക കടങ്ങൾ എഴുതി തള്ളുവാൻ ജി.ഒ. (എം.എസ്) 191/06/സഹ:/നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 829 വായ്പകളിലായി 1,70,00,258/ രൂപ എഴുതി തള്ളിയിട്ടുണ്ട്. ടി ബാദ്ധ്യത പൂർണ്ണമായും സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ടി തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നതിന്, എഴുതി തള്ളിയ വായ്പകളിന്മേലുള്ള വകുപ്പുതല പരിശോധന പുരോഗമിച്ചു വരികയാണ്. |

(ഡി) വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തിയവർക്ക് കടം തീർക്കുന്നതിനായി എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

1) <u>വയനാട് ജില്ലക്കായുള്ള പ്രത്യേക പദ്ധതി</u>

വയനാട് ജില്ലയിലെ ഒരേക്കറോ അതിന് താഴെയോ കൃഷിഭൂമിയുള്ള കർഷകർ 30-06-2006 വരെ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്ന 25,000/ രൂപ വരെയുള്ള കാർഷിക കടങ്ങളുടെ മുതലും പലിശയും എഴുതി തള്ളിയ ഇനത്തിൽ 14.11 കോടി രൂപയുടെ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്ത് സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

2) <u>ആത്മഹത്യ ചെയ്ത കർഷകരുടെ കാർഷിക കടങ്ങൾ എഴുതി തള്ളൽ പദ്ധതി</u>

01-01-1999 മുതൽ 31-07-2006 ~~2006~~ വരെ കാർഷിക കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കാർഷിക കടങ്ങൾ എഴുതി തള്ളുവാൻ ജി.ഒ. (എം.എസ്) 191/06/സഹ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 629 വായ്പകളിലായി 1,70,00,258/ രൂപ എഴുതി തള്ളിയിട്ടുണ്ട്. ടി ബാദ്ധ്യത പൂർണ്ണമായും സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ടി തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നതിന്, എഴുതി തള്ളിയ വായ്പകളിന്മേലുള്ള വകുപ്പുതല പരിശോധന പുരോഗമിച്ചു വരികയാണ്.

3) <u>കേന്ദ്ര കടാശ്വാസ പദ്ധതി</u>

കേന്ദ്ര സർക്കാരിന്റെ കടാശ്വാസ പദ്ധതി പ്രകാരം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 1127.44

കോടി രൂപ എഴുതി തള്ളുകയും ടി ഇനത്തിൽ ഇതിനോടകം 628.07 കോടി രൂപ നബാർഡിൽ നിന്നും ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

4) <u>ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി യിലൂടെ കുടിശികയായ വായ്പകൾതിരിച്ചടയ്ക്കുന്നതിന് അനുവദിച്ചതിലൂടെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 107.29 കോടി രൂപയുടെ സഹായം കർഷകർക്ക് അനുവദിച്ചിട്ടുണ്ട്.

5, <u>ശതശതമാനം കുടിശിക നിവാരണം പദ്ധതി</u>

'കുടിശിക നിവാരണം ശതശതമാനം' പദ്ധതിയിൻ കീഴിൽ കുടിശികയായ വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ഇളവ് നൽകിയ വകയിൽ 1290.17 കോടി രൂപ പിരിച്ചെടുക്കുകയും 98.59 കോടിയോളം രൂപയുടെ ഇളവ് കാർഷിക വായ്പകളിന്മേൽ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫിസർ.

## പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 198 — 2.12.2008 ൽ മറുപടിക്ക്

### ദേശീയ പാത വികസന പദ്ധതി

| ചോദ്യം | ഉത്തരം. |
| --- | --- |
| ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി<br>ശ്രീ. യു.സി. രാമൻ | ശ്രീ. മോൻസ് ജോസഫ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| ദേശീയ പാത വികസന പദ്ധതിയുടെ നാലാം ഘട്ടത്തിൽ ഉൾപ്പെടുത്തി കേരളത്തിൽഏതെങ്കിലും ദേശീയ പാത വികസിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ; എങ്കിൽ ഏതൊക്കെ ദേശീയ പാതകൾ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | ഉണ്ട്. NH 49, NH 208, NH 212, NH 213, NH 220 എന്നിവ NHDP IV-ൽ ഉൾപ്പെടുത്തി ദേശീയ പാത നിലവാരത്തിലുള്ള രണ്ടുവരി പാതയാക്കി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ കേന്ദ്ര-സംസ്ഥാന തലത്തിൽ ചർച്ച ചെയ്തു വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 199 — 2/12/2008-ൽ മറുപടിക്ക്

പുതിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.എം.കെ.പുരുഷോത്തമൻ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ) സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ഈ സർക്കാർ പുതുതായി എന്തെങ്കിലും വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; | എ) ഉണ്ട് |
| ബി എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ബി) സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് 2008-09 വർഷം മുതൽ കേന്ദ്ര ഗവൺമെൻറിൻെറ പ്രീമെട്രിക് സ്കോളർഷിപ്പ്, മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ്, ഇൻസെൻറീവ് ടു ഗേൾസ് ഫോർ സെക്കൻററി എഡ്യൂക്കേഷൻ എന്നിവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കൻററി തലത്തിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കു വേണ്ടി 5000/- രൂപ വീതം മൂല്യമുള്ള ഒൻപതിനായിരം സ്കോളർഷിപ്പുകൾ ഉള്ള പദ്ധതി 2007-08 |

⇨

വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഓരോ വിദ്യാർത്ഥിക്കും 5000/- രൂപവീതം ആയിരം സ്കോളർഷിപ്പുകളാണ് വി.എച്ച്.എസ്.ഇ വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ളത്. ജനറൽ വിഭാഗത്തിൽ 750-ഉം പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ 180-ഉം സ്പോർട്സ്/യൂത്ത്ഫെസ്റ്റിവൽ/ പി.എച്ച് എന്നീ വിഭാഗത്തിൽ 70-ഉം സ്കോളർഷിപ്പുകളാണ് നൽകുന്നത്.

| | |
|---|---|
| സി) ഇതിന്റെ ഫലമായി ഹയർ സെക്കണ്ടറി തലത്തിലുള്ള എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | സി) മേൽ പദ്ധതി പ്രകാരം 7600 സ്കോളർഷിപ്പുകൾ ജനറൽ കാറ്റഗറിയിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും 1200 സ്കോളർഷിപ്പുകൾ SC/ST വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും 200 സ്കോളർഷിപ്പുകൾ കലാകായിക രംഗങ്ങളിൽ മികവു പുലർത്തുന്നവർക്കും വ്യത്യസ്തമായ ശാരീരിക കഴിവുകളുള്ള വിദ്യാർത്ഥികൾക്കും വേണ്ടി മാറ്റിവച്ചിരിക്കുന്നു. വൊക്കേഷണൽ ഹയർ സെക്കൻററിയിൽ ജനറൽ വിഭാഗത്തിൽ 749-ഉം എസ്.സി./എസ്.റ്റി വിഭാഗത്തിൽ 179-ഉം പി.എച്ച്./ സ്പോർട്സ്/ യൂത്ത്ഫെസ്റ്റിവൽ വിഭാഗത്തിൽ 60 ഉൾപ്പെടെ 988 സ്കോളർഷിപ്പുകൾ നല്കിയിട്ടുണ്ട്. |
| ഡി) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ടു കൊണ്ടു വരുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | ഡി) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം ഉയർത്തുന്നതിന് ലക്ഷ്യമാക്കി അദ്ധ്യാപകരുടെ ക്ലസ്റ്റർ യോഗം മാസം തോറും നടത്തുന്നുണ്ട്. ക്ലാസ്സുകളിൽ അദ്ധ്യാപകരെ സഹായിക്കുന്ന |

⇨

| | | | |
|---|---|---|---|
| | | | തിന് തൽസ്ഥല പിന്തുണ സംവിധാനം (ഒ.എസ്.എസ്.) ഏർപ്പെടുത്തി. തെരഞ്ഞെടുക്കപ്പെട്ട 104 സ്കൂളുകളിൽ പ്രത്യേക (ക്യു.ഇ.പി.ആർ സ്കൂളുകൾ) ശ്രദ്ധ ചെലുത്തി പരിശീലനം നല്കിവരുന്നു. ഹയർ സെക്കൻററി തലത്തിൽ റെമഡിയൽ കോച്ചിംഗ്, ക്വാളിറ്റി എഡ്യൂക്കേഷൻ മിഷൻ നടപ്പിലാക്കിവരുന്നു. വൊക്കേഷണൽ ഹയർ സെക്കൻററി തലത്തിൽ 50%-ൽ താഴെ വിജയശതമാനം ലഭിച്ചിട്ടുള്ള സ്കൂളുകളെ പ്രത്യേകമായി തെരഞ്ഞെടുത്ത് റെമഡിയൽ കോച്ചിംഗ് ക്ലാസ്സുകൾ നടത്തിവരുന്നു. ഇതിനായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. |
| ഇ) | ഈ പദ്ധതികൾ മൂലം ഗുണമുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഇ) | 2007-08അദ്ധ്യയന വർഷം വളരെ പിന്നോക്കം പോയ 107 സർക്കാർ, എയ്ഡഡ് സ്കൂളുകൾ തെരഞ്ഞെടുത്ത് ടി സ്കൂളുകളിൽ പ്രത്യേക പരിശീലനം, പഠന സഹായികൾ, രാത്രികാല അദ്ധ്യയനം, ഉച്ചഭക്ഷണം എന്നിവ ഇപ്പോഴും നൽകിവരുന്നു. അതിൻെറ ഫലമായി ഈ സ്കൂളുകളിൽ കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ 54 സ്കൂളുകളിൽ 80 ശതമാനത്തിനുമുകളിൽ വിജയവും 26 സ്കൂളുകളിൽ 100 ശതമാനം വിജയവും നേടുവാനായി. മാസംതോറും അദ്ധ്യാപകർക്ക് നൽകിവരുന്ന ക്ലസ്റ്റർ പരിശീലനം വഴി കുട്ടികൾക്ക് ഗുണനിലവാരമുള്ളവിദ്യാഭ്യാസം നൽകുവാൻ കഴിയുന്നുണ്ട്. ക്ലാസ്സുകളിൽ അദ്ധ്യാപകരെ സഹായിക്കുവാൻ തൽസ്ഥല സഹായ |

⇨

സംവിധാനം (ഒ.എസ്.എസ്.) ഏർപ്പെടുത്തി. ക്ലാസ്സ് പി.ടി.എ വഴി രക്ഷിതാക്കളും അദ്ധ്യാപകരും നേരിട്ട് ബന്ധം സ്ഥാപിക്കുന്നതു വഴി മോശപ്പെട്ട കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുവാൻ കഴിയും. ഇതിൻെറയെല്ലാം ഫലമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞു. ഹയർ സെക്കൻററിതലത്തിൽ 30 ശതമാനത്തിൽ താഴെവിജയമുള്ള സ്കൂളുകൾ തെരഞ്ഞെടുത്ത് പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികളിൽ പഠന നിലവാരം കുറയുവാനുള്ള കാരണങ്ങൾ കണ്ടെത്തുകയും അവ പരിഹരിച്ചുകൊണ്ട് നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അതിൻെറ ഫലമായി തുടർന്നുള്ള പരീക്ഷാഫലത്തിൽ മേൽപ്പറഞ്ഞ സകൂളുകളിൽ ഉയർന്ന വിജയശതമാനം ഉണ്ടായി. വൊക്കേഷണൽ ഹയർ സെക്കൻററി തലത്തിൽ 2006-07, 2007-08 അദ്ധ്യയന വർഷത്തിലും റെമഡിയൽ കോച്ചിംഗ് ക്ലാസ്സുകൾ നടത്തിയതിൻെറ ഫലമായി മെച്ചപ്പെട്ട വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -200    2.12.2008 ൽ മറുപടിക്ക്

### സംസ്ഥാനത്തെ ഒ.ഡി.ആർ. റോഡുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ ജി. കാർത്തികേയൻ:<br>" കെ.സി ജോസഫ്:<br>" സി.പി മുഹമ്മദ്: | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഒ.ഡി.ആർ കാറ്റഗറിയിൽപ്പെട്ട റോഡുകൾ എം.ഡി.ആർ ആക്കുവാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (ബി) പൊതുമരാമത്ത് വകുപ്പിന്റെ പക്കൽ നേരത്തെ ഉണ്ടായിരുന്നതും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ചൂണ്ടികാട്ടുന്നതുമായ ഏതാനും റോഡുകൾ ഓരോ ജില്ലയിലും ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. സബ്ജക്റ്റ് കമ്മിറ്റിയും പ്രധാനപ്പെട്ട റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന് ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വികസന കൗൺസിലും ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെയൊക്കെയടിസ്ഥാനത്തിൽ പ്രധാനപ്പെട്ട ഏതാനും റോഡുകൾ എല്ലാ ജില്ലകളിലും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 201

02.12.2008-ൽ മറുപടിയ്ക്ക്

## "തകർന്ന് കിടക്കുന്ന ക്ഷേത്രങ്ങളുടെ പുനർനിർമ്മാണം"

**ചോദ്യം**

ശ്രീ. എ.പി.അനിൽകുമാർ

" കെ.സുധാകരൻ

" കെ.അച്ചുതൻ

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം തകർന്ന് കിടക്കുന്ന ക്ഷേത്രങ്ങളുടെ പുനർനിർമ്മാണത്തിനും, നിത്യനിദാന ചെലവുകൾക്കും വേണ്ടി എത്ര തുക നൽകിയിട്ടുണ്ട്;

**ഉത്തരം**

ശ്രീ.ജി.സുധാകരൻ

ബഹുമാനപ്പെട്ട സഹകരണവും കയറും ദേവസ്വവും വകുപ്പ് മന്ത്രി.

(എ) ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം തകർന്നു കിടക്കുന്ന ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് 2,40,00,000/- രൂപ (രണ്ടു കോടി നാല്പതു ലക്ഷം രൂപ മാത്രം) അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ വർഷം തിരിച്ചുള്ള കണക്ക് താഴെപറയുന്നു.

അനുവദിച്ചത് -

2006-2007 -- 75,00,000/-

2007-2008 -- 82,50,000/-

2008-2009 -- 82,50,000/-

-----------

ആകെ -- 2,40,00,000/-

============

ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ നിത്യനിദാന ചെലവുകൾക്ക് ധനസഹായം അനുവദനീയമല്ല. പുനരുദ്ധാരണത്തിനാണ് ധനസഹായം നൽകുന്നത്. ആദ്യമായി ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം ധനസഹായത്തുകയുടെ 10% പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർ നടത്തുന്ന ക്ഷേത്രങ്ങൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതിനാൽ 1,60,000/- രൂപ പട്ടികജാതി/പട്ടിക വർഗ്ഗക്കാർ നടത്തുന്ന ക്ഷേത്രങ്ങൾക്കാണ് ഈ വർഷം ഗ്രാന്റായി അനുവദിച്ചത്. കൂടാതെ, ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് സ്വന്തമായി വരുമാനമില്ലാത്ത ക്ഷേത്രങ്ങളുടെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി പ്രതിവർഷം 3 കോടി രൂപ സർക്കാർ നൽകിവരുന്നു.

2008–2009 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക ക്ഷേത്രങ്ങൾക്ക് അനുവദിക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി തുക ശുപാർശ ചെയ്യുന്ന നടപടി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. 2008 ഡിസംബറിൽ ഈ വർഷത്തെ ഗ്രാന്റ് വിതരണം നടത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) തകർന്നുകൊണ്ടിരിക്കുന്ന പുരാതന ക്ഷേത്രങ്ങളും, കാവുകളും സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്; വിശദമാക്കുമോ?

(ബി) തകർന്നുകൊണ്ടിരിക്കുന്ന ക്ഷേത്രങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് ജീർണ്ണോദ്ധാരണ ഗ്രാന്റ് ഇനത്തിൽ എല്ലാ വർഷവും ഗ്രാന്റ് അനുവദിച്ചു വരുന്നുണ്ട്. സ്വകാര്യക്ഷേത്രങ്ങൾ ഉൾപ്പെടെയുള്ള ക്ഷേത്ര ഭരണാധികാരികളിൽ നിന്നും നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷകൾ സ്വീകരിച്ച് സൂക്ഷ്മ പരിശോധന നടത്തി ബഹു.ദേവസ്വം വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഗ്രാന്റ് വിതരണക്കമ്മിറ്റി അംഗീകരിക്കുന്ന തുകയാണ് ജീർണ്ണോദ്ധാരണ ഗ്രാന്റായി ഓരോ ക്ഷേത്രത്തിനും അനുവദിക്കുന്നത്. ഇതു കൂടാതെ ഭക്തജനങ്ങളിൽ നിന്ന് ഫണ്ട് സ്വരൂപിക്കാൻ ജീർണ്ണോദ്ധാരണ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ആകെ അനുവദിച്ചിട്ടുള്ള തുകയുടെ 7% സ്വകാര്യ ക്ഷേത്രങ്ങൾക്കാണ് ഗ്രാന്റായി അനുവദിക്കുന്നത്.

ഇതു കൂടാതെ ജീർണ്ണോദ്ധാരണ പ്രവർത്തനം ഉൾപ്പെടെയുള്ള ചെലവുകൾക്ക് തുക കണ്ടെത്താൻ ശേഷിയില്ലാത്ത ക്ഷേത്രങ്ങൾക്ക് സമ്പന്നമായ ക്ഷേത്രങ്ങളുടെ മിച്ചവരുമാനത്തിൽ നിന്ന് അവർക്ക് സ്ഥിര നിക്ഷേപത്തിന് ലഭിക്കുമായിരുന്ന പലിശയെക്കാൾ അധിക പലിശ നല്കുമെന്ന വ്യവസ്ഥയിൽ വായ്പ നല്കുന്ന രീതിയും നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 202***    **2.12.2008 ൽ മറുപടിക്ക്**

### ഉപയോഗശൂന്യമായപ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ. അരുന്ധതി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ.എസ്. രാജേന്ദ്രൻ<br>ശ്രീ.സാജു പോൾ<br>ശ്രീ.എ.സി മൊയ്തീൻ | ശ്രീ. മോൻസ് ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| എ) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്ന പദ്ധതി എതെല്ലാം സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ).ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം പഞ്ചായത്തിൽപ്പെട്ട നരിയ്ക്കൽ - പുല്ലാനിവിള - ചാവടിമുക്ക് റോഡിന്റെ 500 മീറ്റർ നീളത്തിൽ നടത്തിയിട്ടുണ്ട്. |
| (ബി) ഇതിന്റെ സാങ്കേതിക മേന്മയും ഗുണനിലവാരവും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) സാങ്കേതിക മേന്മയും ഗുണനില വാരവും സംബന്ധിച്ച് കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. |
| (സി) ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ ? | (സി) ഈ സാങ്കേതിക വിദ്യയെ അടിസ്ഥാനപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ഓരോ കി.മീ ഗ്രാമീണറോഡ്- തെരഞ്ഞെടുത്ത് പ്രാവർത്തികമാക്കുന്നതിനായി നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി വിജയപ്രദം എന്നു കണ്ടാൽ ടി സാങ്കേതിക വിദ്യ വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ് |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 203 02.12 .2008 ൽ മറുപടിയ്ക്ക്

സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എം.എം.മോനായി<br>ശ്രീ. ജോർജ്ജ്. എം. തോമസ്<br>ശ്രീമതി. കെ.കെ.ലതിക<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ . കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി. |
| എ) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം നടപ്പാക്കിയതിന്ശേഷം ക്രമസമാധാനനിലയിൽ ഉണ്ടായിട്ടുള്ള മാറ്റം പരിശോധിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഈ നിയമം നടപ്പാക്കുന്നതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ; | ബി) ഇല്ല. |
| സി) ഗുണ്ടകൾക്ക് തീവ്രവാദി സംഘടനകളുമായി ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | സി) ഇല്ല. |
| ഡി) ഗുണ്ടാ പ്രവർത്തനം ശക്തമായി നേരിടുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഇ) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമ പ്രകാരം എത്രപേരാണ് കസ്റ്റഡിയിൽ ഉള്ളതെന്ന് വെളിപ്പെടുത്തുമോ? | ഇ) 56 പേർ |

സെക്ഷൻ ഓഫീസർ

—

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 204

2.12.2008 - ൽ മറുപടിക്ക്

## ശബരിമലയിലെ സുരക്ഷാ സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. കെ. സി. രാജഗോപാലൻ :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ)2008 - 2009 വർഷത്തെ ശബരിമല മഹോത്സവത്തോടനുബന്ധിച്ച് ദക്ഷിണ മേഖലാ അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ ചീഫ് കോർഡിനേറ്ററായി വളരെ ശക്തമായ ഒരു സംവിധാനമാണ് സുരക്ഷയ്ക്കായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ളത്. അഞ്ചു ഘട്ടങ്ങളായാണ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ഓരോ ഘട്ടത്തിലും, സന്നിധാനത്തും, പമ്പയിലും ഓരോ പോലീസ് സൂപ്രണ്ടിന്റെ കീഴിലാണ് പോലീസ് സംവിധാനം പ്രവർത്തിക്കുന്നത്. ഓരോ ഘട്ടത്തിലും നിയോഗിക്കുന്ന പോലീസുകാരുടെ എണ്ണത്തിൽ മുൻവർഷത്തെക്കാൾ 20 ശതമാനത്തോളം വർദ്ധനവ് ഈ വർഷം വരുത്തിയിട്ടുണ്ട്. സന്നിധാനത്തും, പമ്പയിലും പോലീസ് കമാൻഡോകൾ, ബോംബ് ഡിറ്റക്ഷൻ സ്ക്വാഡ്, പോലീസ് ഇന്റലിജൻസ് തുടങ്ങിയവയുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് NDRF ( National Disaster Response Force ) നെയും RAF (Rapid Action Force ) നെയും ശബരിമലയിലും, പമ്പയിലും നിയോഗിച്ചിട്ടുണ്ട്. |

ഇതു കൂടാതെ കേന്ദ്ര രഹസ്യാന്വേഷണ വിഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള സിവിൽ വേഷത്തിലുള്ള പോലീസ് ഉദ്യോഗസ്ഥരെയും നിയോഗിച്ചിട്ടുണ്ട്.

എന്തെങ്കിലും തരത്തിലുള്ള അപകടങ്ങൾ ഉണ്ടാവുകയാണെങ്കിൽ അടിയന്തിരമായി തീർത്ഥാടകരെ ഒഴിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനുവേണ്ടി ഇൻഡ്യൻ വായുസേനയുടെ ഹെലികോപ്ടർ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇതിനായി കൂടുതൽ അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി)4.73 കോടി രൂപയുടെ അത്യാധുനിക സുരക്ഷാ ഉപകരണങ്ങൾ വാങ്ങാനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചു വരുന്നു.

(സി) സംസ്ഥാന പോലീസിനുപുറമേ ഏതെല്ലാം സായുധസേനാ വിഭാഗങ്ങളുടെ സേവനമാണ് ലഭ്യമാക്കുന്നത്; പോലീസുകാരുടെ താമസത്തിനായി ആവശ്യമായ സംവിധാനം ഒരുക്കിയിട്ടുണ്ടോ ?

(സി)സംസ്ഥാന പോലീസിനു പുറമേ National Disaster Response Force ( N D R F ), Rapid Action Force (R A F) തുടങ്ങിയ കേന്ദ്ര സേനകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഹെലികോപ്ടർ ആവശ്യമെന്നു കണ്ടാൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്ന് ടി സംസ്ഥാനങ്ങളിലെ കുറ്റവാളികളെയും മറ്റും കണ്ടെത്തുന്നതിനായി സിവിൽ വേഷത്തിൽ പോലീസ് സേനാംഗങ്ങളെ നിയോഗിച്ചിട്ടുണ്ട്.

കഴിഞ്ഞ വർഷത്തേക്കാൾ ഏതാണ്ട് 20 % പോലീസുകാരെ കൂടുതലായി നിയോഗിച്ചിട്ടുള്ളതിനാൽ ഈ വർഷം കൂടുതൽ താമസ സൗകര്യം ആവശ്യമാണ്. അതിനായി ദേവസ്വം അധികൃതർ കൂടുതൽ താമസസ്ഥലം നൽകിയിട്ടുണ്ട്. കൂടാതെ പോലീസുകാർക്ക് വിശ്രമിക്കുന്നതിനു വേണ്ടി രണ്ട് തട്ടുകളുള്ള കിടക്കകൾ (Two tier cots) ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 205

02.12.2008 ൽ
മറുപടിയ്ക്ക്.

## ടൂറിസം ഹൗസ്ബോട്ടുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ചാഴിക്കാടൻ<br>ശ്രീ.റോഷി അഗസ്റ്റിൻ | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ,<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും<br>വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ടൂറിസം ഹൗസ് ബോട്ടു-കളുടെ സേവനം കൂടുതൽ ആകർഷകമാക്കുവാൻ എന്തൊക്കെ നടപടികളാണ് നടപ്പിലാക്കുന്നത്; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് ടൂറിസം വകുപ്പ് നേരിട്ട് ഹൗസ് ബോട്ടിന്റെ സേവനം ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കുന്നില്ല. എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൗസ്ബോട്ടുകൾ വിദേശിയരും തദ്ദേശിയരുമായ ടൂറിസ്റ്റുകളെ വളരെയധികം ആകർഷിക്കുന്നുണ്ട്. അടുത്ത കാലത്തായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൗസ്ബോട്ടുകളുടെ എണ്ണത്തിൽ വളരെയധികം വർദ്ധനവുണ്ടായിട്ടുണ്ട്. അതുകൊണ്ട് തന്നെ ഹൗസ്ബോട്ടുകളുടെ സേവനം കൂടുതൽ ആകർഷകമാക്കുവാൻ ടൂറിസം വകുപ്പ് ക്ലാസിഫിക്കേഷൻ സ്കീം ഏർപ്പെടുത്തിയിട്ടുണ്ട്. ബോട്ടുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ഗോൾഡ് സ്റ്റാർ, സിൽവർ സ്റ്റാർ എന്നിങ്ങനെ രണ്ട് തരം ക്ലാസിഫിക്കേഷൻ വകുപ്പ് അനുവദിച്ച് നൽകിവരുന്നു.<br>വകുപ്പ് മുന്നോട്ട് വച്ചിട്ടുള്ള അത്യാവശ്യ നിബന്ധനകൾ പാലിക്കുന്നവർക്ക് സിൽവർ സ്റ്റാർ കാറ്റഗറിയും അത്യാവശ്യ നിബന്ധന-കൾക്ക് പുറമെ തെരഞ്ഞെടുത്ത നിബന്ധന-കളിൽ അഞ്ചെണ്ണം പാലിക്കുന്നവർക്ക് ഗോൾഡ് സ്റ്റാർ പദവിയും നല്കിവരുന്നു. ഇതു കൂടാതെ എട്ട് നിബന്ധനകൾ അധികമായി പാലിക്കുന്നവർക്ക് ഗ്രീൻപാം സർട്ടിഫിക്കേഷനും നല്കി വരുന്നു.<br><br>**അത്യാവശ്യ നിബന്ധനകൾ**<br>1. ഹൗസ്ബോട്ടിന്റെ പൊതുവായ നിർമ്മാണം ഭംഗിയായിരിക്കണം. ഹൾ, വള്ളം എന്നിവ നല്ല രീതിയിലുള്ളതും. |
| (ബി) | ഇവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | |

ഫ്ളോറിംഗിനായി മറൈൻ പ്ലൈവുഡ് ഉപയോഗിക്കുകയും വേണം.

2. ഹൗസ്ബോട്ടുകളുടെ റൂമുകൾക്ക് നിശ്ചിത അളവ് ഉണ്ടായിരിക്കണം.
3. ഹൗസ്ബോട്ടിലെ ബെഡ് റൂമുകൾ വെടിപ്പുള്ളതും, പാശ്ചാത്യ ശൈലിയിലുള്ളതുമായ അറ്റാച്ച്ഡ് ബാത്ത്റൂം ഉണ്ടായിരിക്കണം. കൂടാതെ ജീവനക്കാർക്കുവേണ്ടി കോമൺ ടോയ്‌ലറ്റും ഉണ്ടായിരിക്കണം.
4. തീപിടിക്കാത്ത വസ്തുക്കൾ കൊണ്ട് നിർമ്മിച്ചിട്ടുള്ള കിച്ചനിൽ ഫയർ എക്സ്റ്റിംഗുഷർ സ്ഥാപിച്ചിരിക്കണം.
5. കിച്ചൻ വൃത്തിയായിരിക്കണം. ആഹാര സാധനങ്ങൾ പാക്ക് ചെയ്ത് പ്രത്യേകം അറകളിൽ വൃത്തിയായി സൂക്ഷിക്കണം.
6. കിച്ചന് സമീപത്തായി ഇന്ധന ടാങ്കുകൾ സ്ഥാപിക്കാൻ പാടില്ല.
7. ഹൗസ്ബോട്ടുകളിൽ കുറഞ്ഞത് രണ്ട് ലൈഫ് ബോയ്കളും രണ്ട് ലൈഫ് ജാക്കറ്റും ഉണ്ടായിരിക്കണം.
8. ഹൗസ്ബോട്ടുകളിലെ ഫർണിച്ചറുകൾ നല്ല ഗുണനിലവാരമുള്ളതായിരിക്കണം.
9. നല്ല ഗുണമേന്മയുള്ള ലിനൻ, ടോയ്‌ലറ്റ് വസ്തുക്കൾ എന്നിവ ഉപയോഗിക്കുക, ക്രോക്കറി, ഗ്ലാസ് പാത്രങ്ങൾ എന്നിവ നല്ല നിലവാരത്തിലുള്ളതായിരിക്കണം.
10. ഹൗസ്ബോട്ടുകളിൽ റിസർവേഷൻ രജിസ്റ്റർ, ഒക്കുപ്പൻസി രജിസ്റ്റർ, ലോഗ്ബുക്ക്, ഗസ്റ്റുകളെ സംബന്ധിക്കുന്ന കൃത്യമായ റിക്കാർഡ് എന്നിവ ഉണ്ടായിരിക്കണം.
11. ഹൗസ്ബോട്ടുകളിലെ ഗസ്റ്റുമായി സമ്പർക്കം പുലർത്തുന്ന ജീവനക്കാർ യൂണിഫോം ധരിച്ചിരിക്കണം
12. ഹൗസ്ബോട്ടുകൾ കായലുകളിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള ബന്ധപ്പെട്ട അതോറിറ്റികളിൽ നിന്നുള്ള സാധുതയുള്ള ലൈസൻസ് ഉണ്ടായിരിക്കണം.
13. ഹൗസ്ബോട്ടിന്റെ പേര്, കട്ട് നമ്പർ, അപ്രൂവൽ നമ്പർ എന്നിവ ബോട്ടിന്റെ രണ്ട് ഭാഗങ്ങളിലും പെയിന്റ് ചെയ്തിട്ടുണ്ടാവണം.

## തിരഞ്ഞെടുക്കാവുന്ന നിബന്ധനകൾ

a. ഹൗസ്ബോട്ടിന്റെ പൊതുവായ നിർമ്മാണം കാഴ്ചയിൽ വിശേഷമായുള്ള ആഡംബരത്തോടു

കൂടിയുള്ളതാവണം.

b. ഹൗസ്ബോട്ടുകളിൽ ഉപയോഗിച്ചിരിക്കുന്ന കാർപ്പറ്റ്, കർട്ടൺ, ഫർണിച്ചർ എന്നിവ ഉന്നത ഗുണനിലവാരം പുലർത്തുന്നവയായിരിക്കണം.
c. ഖരമാലിന്യങ്ങൾ, സീവേജ് എന്നിവ പുറം തള്ളുന്നതിന് ശാസ്ത്രീയമായി രൂപകല്പന ചെയ്ത സെപ്റ്റിക് ടാങ്ക്, ബയോ കെമിക്കൽ ടോയ്‌ലറ്റ് എന്നിവ വ്യതിരിക്തമായ രീതിയിൽ ക്രമീകരിക്കണം.
d. ഹൗസ്ബോട്ടുകൾ ബാറ്ററി മുഖാന്തിരം പ്രവർത്തിപ്പിക്കുക
e. ഹൗസ്ബോട്ടുകളിൽ 24 മണിക്കൂറും ലൈറ്റുകളും, ഫാനുകളും പ്രവർത്തിക്കുന്നതിനുള്ള വൈദ്യുതി സംവിധാനം ഉണ്ടായിരിക്കണം.
f. 24 മണിക്കൂറും ചൂടുള്ളതും തണുത്തതുമായ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുക.
g. ജലം ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
h. റെഫ്രിജറേറ്റർ അല്ലെങ്കിൽ ഐസ് ബോക്സ് എന്നിവ ലഭ്യമാക്കുക.
i. ഗസ്റ്റുകൾക്ക് അവരുടെ ചോയിസിനായി മെനു അനുവദിക്കുക.
j. ഗസ്റ്റുകളുമായി സമ്പർക്കം പുലർത്തുന്ന ജീവനക്കാർ അനുഭവജ്ഞാനമുള്ളവരും, ഇംഗ്ലീഷ് ഫ്ലുവൻസി ഉള്ളവരുമായിരിക്കുക എന്നിവയാണ്.

കൂടാതെ ഗ്രീൻപാം സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നിബന്ധനകൾ താഴെ വിവരിക്കുന്നു.

1. ഹൗസ്ബോട്ടുകളിലെ ഖരമാലിന്യങ്ങൾ കായൽ ജലം മലിനമാകാത്ത വിധത്തിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനം/ ബയോ കെമിക്കൽ ടൊയ്‌ലറ്റ്.
2. ഹൗസ്ബോട്ടുകളിലെ പാചകത്തിനും വെളിച്ചത്തിനുമായി സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക
3. ഹൗസ്ബോട്ടുകളിലെ സംസ്കരിക്കാൻ കഴിയുന്നതും കഴിയാത്തതുമായ ഗാർബേജുകൾ തരംതിരിക്കൽ, സംസ്കരിക്കാൻ കഴിയാത്ത ഗാർബേജുകൾ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധം ഡിസ്പോസ് ചെയ്യുക.
4. പോളിത്തീൻ ബാഗുകൾക്ക് പകരമായി പേപ്പർ ബാഗുകൾ, തുണികൊണ്ടുള്ള ബാഗുകൾ എന്നിവ ഉപയോഗിക്കുക.

5. പരസ്യത്തിനും മറ്റു ഉപയോഗങ്ങൾക്കും സംസ്കരിക്കാൻ കഴിയുന്ന പേപ്പറുകൾ ഉപയോഗിക്കുക.

6. ഹൗസ്ബോട്ടുകളുടെ നിർമ്മാണത്തിനും ഫർണിച്ചറുകൾക്കും പ്രകൃതിദത്തവും, പ്രാദേശികവുമായി ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിക്കുക.

7. ഹൗസ് ബോട്ടുകളിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ 75% പേർ ഹൗസ് ബോട്ട് പ്രവർത്തിപ്പിക്കുന്ന ജില്ലയിലുള്ളവരായിരിക്കണം.

8. ഹൗസ്ബോട്ടുകളിൽ ഉപയോഗിക്കുന്ന ഔട്ട് ബോർഡ് എൻജിനുകൾക്ക് മൂന്നുമാസം കൂടുമ്പോൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും പൊല്യൂഷൻ കൺട്രോൾ സർട്ടിഫിക്കറ്റ് ലഭ്യമാക്കുക.

ഹൗസ്ബോട്ട് ജീവനക്കാർക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി മുഖാന്തിരം ഹൗസ്കീപ്പിംഗിലും, സുരക്ഷാ കാര്യങ്ങളിലും പരിശീലനം നൽകി വരുന്നു. കൂടാതെ ഹൗസ്ബോട്ടുകളിലെ സുരക്ഷയുടെ ഭാഗമായി ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ്, ഫയർ എക്സ്റ്റിംഗ്യൂഷർ എന്നിവയും നിഷ്കർഷിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഹൗസ്ബോട്ടുകളുടെ പ്രവർത്തനം മൂലം നമ്മുടെ ജലസമ്പത്ത് മലിനീകരിക്കപ്പെടുന്നുവെന്ന പരാതികളെക്കുറിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് നിഗമനങ്ങൾ; അതിൻ പ്രകാരം എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | ടൂറിസം വകുപ്പ് ഇത്തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ മേൽ വിവരിച്ചിരിക്കുന്നവയെല്ലാം ഹൗസ് ബോട്ടുകളുടെ മലിനീകരണം തടയുന്നതിന്റെ ഭാഗമായി നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ അടങ്ങിയ നിബന്ധനകളാണ്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 206

## 02.12.2008 - ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്യുതൻ :<br>ശ്രീ. എ.പി. അനിൽ കുമാർ : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലെ ഏതെല്ലാം തസ്തികകളിലാണ് പി.എസ്.സി. വഴി നിയമനം നടത്തുന്നത്; | (എ) ജില്ലാ സഹകരണ ബാങ്കിന്റെ ചുവടെ ചേർത്തിരിക്കുന്ന തസ്തികകൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ സെലക്ട് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നവയാണ്.<br>1. ജനറൽ മാനേജർ<br>2. ഡെപ്യൂട്ടി ജനറൽ മാനേജർ (ഒഴിവികളുടെ 50%)<br>3. അഗ്രികൾച്ചറൽ ഓഫീസർ<br>4. പ്ലാനിംഗ് ആന്റ് ഡവലപ്മെന്റ് ഓഫീസർ<br>5. ബ്രാഞ്ച് മാനേജർ (ഒഴിവുകളുടെ 25%<br>6. പബ്ലിക് റിലേഷൻസ് ഓഫീസർ<br>7. ഡാറ്റാ എൻട്രി ഓപ്പറേറ്റർ<br>8. ക്ലാർക്ക്/കാഷ്യർ (നേരിട്ടുള്ള നിയമനവും ഉദ്യോഗകയറ്റവും 5:1 എന്ന അനുപാതം)<br>9. സ്റ്റേനോ/ടൈപ്പിസ്റ്റ്<br>10.ടൈപ്പിസ്റ്റ്<br>11. ടെലിഫോൺ ഓപ്പറേറ്റർ<br>12. ഡ്രൈവർ<br>13. ലിഫ്റ്റ് ഓപ്പറേറ്റർ<br>14. പ്യൂൺ/വാച്ച്മാൻ |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ തസ്തികകളിൽ പി.എസ്.സി. വഴിയല്ലാതെ നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ തസ്തികകളിൽ പി.എസ്.സി. വഴിയല്ലാതെ ആശ്രിത നിയമനം, സർക്കാർ ഉത്തരവ് പ്രകാരം വികലാംഗ നിയമനം , അന്തർ ജില്ലാ സ്ഥലം മാറ്റം,കോടതിവിധി മുതലായവ പ്രകാരം നേരിട്ടുള്ള നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ താൽക്കാലികാടിസ്ഥാനത്തിൽ നടത്തിയ നിയമനം സർക്കാരിന്റെ നിർദ്ദേശപ്രകാരം ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ നടത്തിയ നിയമനങ്ങൾക്ക് പകരം പി.എസ്.സി. വഴി സ്ഥിര നിയമനം നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) | 1969-ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 188 എ വ്യവസ്ഥ പ്രകാരമാണ് ആശ്രിത നിയമനങ്ങൾ നടത്തുന്നത്. ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ സർവ്വീസ് റഗുലേഷനിലെ നിബന്ധന 11(ബി )(2)(സി) പ്രകാരമാണ് അന്തർ ജില്ലാ സ്ഥലംമാറ്റങ്ങൾ നടത്തുന്നത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വികലാംഗർക്ക് പുനർ നിയമനം നൽകിയിട്ടുള്ളത്. ടി നിയമനങ്ങൾ പി.എസ്.സി മുഖാന്തിരം നടത്തുന്ന നിയമനങ്ങൾ അല്ല. അന്തർ ജില്ലാ സ്ഥലംമാറ്റങ്ങൾ പി.എസ്.സി. യുമായി കൂടിയാലോജിച്ചായിരിക്കണമെന്ന് ജില്ലാ സഹകരണ ബാങ്കിലെ സർവ്വീസ് റഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള നിയമനങ്ങൾ നിയമാനുസൃതമാണ്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 207** **2/12/2008-ൽ മറുപടിക്ക്**

### ഹയർ സെക്കൻററി പാഠ്യപദ്ധതി പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ:<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ:<br>പ്രൊഫ.സി.രവീന്ദ്രനാഥ്:<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ:<br>ശ്രീ.പി.വിശ്വൻ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ) കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007-ൽ സെക്കൻററി തലത്തിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; | എ) താഴെപ്പറയുന്നവയാണ് പ്രധാന നിർദ്ദേശങ്ങൾ<br>1. 9,10 ക്ലാസ്സുകളിൽ സാമാന്യ പഠനം, വിശേഷപഠനം എന്നിങ്ങനെ ഏർപ്പെടുത്തണം.<br>2. ഭാവിയിൽ സ്വന്തം കഴിവും താല്പര്യവും (അഭിരുചി) അനുസരിച്ച് സ്വീകരിക്കേണ്ട തൊഴിൽ സംബന്ധമായ പഠനത്തിനു പറ്റിയ കോഴ്സ് കണ്ടെത്തണം.<br>3. കല, തൊഴിൽ, പ്രവൃത്തിപരിചയം, കായിക ഇനങ്ങൾ ഇവയും സവിശേഷ പഠനമായി തെരഞ്ഞെടുക്കാനുള്ള അവസരം ഉണ്ടാകണം. |
| ബി) തൊഴിൽ പരിശീലനം പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; | ബി) തൊഴിൽ പരിശീലനം സംബന്ധിച്ച് ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള ചില നിർദ്ദേശങ്ങൾ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007-ൽ ഉണ്ട്. |

| | | | |
|---|---|---|---|
| സി) | പാഠ്യപദ്ധതി പരിഷ്ക്കരിക്കുമ്പോൾ നിലവിലുള്ള സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുന്നത്; | സി) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള സംവിധാനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച ശുപാർശകൾ കെ.ഇ.ആർ. പരിഷ്കരണ സമിതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് (അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, സ്ഥാപനങ്ങൾ, ഘടനാപരമായ മാറ്റം എന്നിവയെക്കുറിച്ച്) സർക്കാർ അവ പരിശോധിച്ചു വരികയാണ്. |
| ഡി) | പുതുതായി പാഠപുസ്തകങ്ങൾ തയ്യാറാക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്? | ഡി) | 1,3,5,7 ക്ലാസ്സുകളിലെ പാഠപുസ്തകം കഴിഞ്ഞ വർഷം തന്നെ പുതുക്കിക്കഴിഞ്ഞു. 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ തയ്യാറായിക്കൊണ്ടിരിക്കുന്നു. 2009-10 അദ്ധ്യയന വർഷത്തിൽ 2,4,6,8 ക്ലാസ്സുകളിൽ പുതുക്കിയ പാഠപുസ്തകങ്ങൾ ഉപയോഗിച്ചുള്ള പഠനത്തിന് അവസരം ഒരുക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 208</u>**

**<u>02.12.2008 - ൽ മറുപടിയ്ക്ക്</u>**

**<u>വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട്</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജോർജ്ജ് മേഴ്സിയർ :** | **ശ്രീ.ജി.സുധാകരൻ (സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി)** |
| (എ) കേന്ദ്ര സർക്കാർ സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന വൈദ്യനാഥൻ കമ്മിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ ; | (എ) അറിയിക്കാം. ഗ്രാമീണ സഹകരണ വായ്പാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള ഒരു കർമ്മപദ്ധതിയും ഈ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് വേണ്ട നിയമ നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടിയാണ് പ്രൊഫ. വൈദ്യനാഥൻ ചെയർമാനായുള്ള കമ്മിറ്റിയെ കേന്ദ്ര സർക്കാർ നിയോഗിച്ചത്. ഗ്രാമീണ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനാവശ്യമായി പ്രായോഗികമായ ഒരു കർമ്മപദ്ധതി നിർദ്ദേശിക്കുക, അനുയോജ്യമായ ഒരു നിയന്ത്രണ ചട്ടക്കൂടും അതിനാവശ്യമായ ബന്ധപ്പെട്ട നിയമ ഭേദഗതികളും നിർദ്ദേശിക്കുക, സഹകരണബാങ്കിംഗ് സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനാവശ്യമായ സാമ്പത്തിക സഹായം, സഹായരീതി, അതു പങ്കുവയ്ക്കേണ്ട രീതി, സഹായഘട്ടങ്ങൾഇവ തിട്ടപ്പെടുത്തുക ഗ്രാമീണ സഹകരണ വായ്പാ സ്ഥാപനങ്ങളുടെ കാര്യപ്രാപ്തിയും ജീവനക്ഷമതയും അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ മറ്റു നടപടികൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ |

| | | | |
|---|---|---|---|
| | | | നിർദ്ദേശിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് കേന്ദ്ര സർക്കാർ വൈദ്യനാഥൻ കമ്മിറ്റി രൂപീകരിച്ചത്.<br>വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് ശുപാർശ ചെയ്തിട്ടുള്ള സാമ്പത്തിക പാക്കേജ് ചുവടെ പരാമർശിക്കുന്ന കാര്യങ്ങൾക്കായാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്.<br>1. സഞ്ചിത നഷ്ടം നിർമ്മാർജ്ജനം ചെയ്യുക.<br>2. സംസ്ഥാന ഗവൺമെന്റ് ഗ്യാരന്റിയിൽ നൽകിയ വായ്പയിൽ കുടിശ്ശിക ആയവ ജാമ്യവ്യവസ്ഥ പ്രകാരം അടയ്ക്കുവാൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടും ലഭിക്കാതെ ബാക്കി നിൽക്കുന്ന സാഹചര്യത്തിൽ അതു നികത്തുവാൻ.<br>3. ചുരുങ്ങിയ നിശ്ചിത നിലവാരത്തിലേക്ക് മൂലധനം വർദ്ധിപ്പിക്കുന്നതിന്.<br>4.ഗവൺമെന്റിന്റെ ഓഹരി മൂലധനം തിരികെ നൽകുന്നതിന്<br>5. സാങ്കേതികസഹായങ്ങൾക്ക് |
| (ബി) | വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കിയാൽ കേരളത്തിലെ സഹകരണ മേഖലയ്ക്ക് എത്ര കോടി രൂപയുടെ ആനുകൂല്യങ്ങൾ ലഭിക്കുമെന്നാണ് കരുതുന്നത് ; | (ബി) | സഹകരണ സ്ഥാപനങ്ങളുടെ 31.3.04-ന് അവസാനിച്ച വർഷത്തെ ആഡിറ്റ് ചെയ്ത ബാക്കി പത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും സഹായതുക നിർണ്ണയിക്കുക. ഡിമാന്റിന്റെ 30 ശതമാനത്തിൽ കുറയാതെ റിക്കവറി ഉള്ളതായ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. പുനഃരുദ്ധാരണ സഹായ പദ്ധതിക്കാവശ്യമായ അടങ്കൽ തുകയുടെ ബാദ്ധ്യത സഞ്ചിത നഷ്ടത്തിന്റെ ഉറവിടത്തെ അടിസ്ഥാനമാക്കി കേന്ദ്ര, സംസ്ഥാന |

സർക്കാരുകളും, അതാതു സഹകരണ സ്ഥാപനങ്ങളും പങ്കു വഹിക്കേണ്ടതാണ്. അടങ്കൽ തുകയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സ്ഥാപനങ്ങളുടെ എല്ലാ വായ്പാ പ്രവർത്തനങ്ങളും, ജില്ലാ/സംസ്ഥാന സഹകരണ ബാങ്കുകളുടെ കാർഷിക വായ്പാ പ്രവർത്തനവും കൊണ്ടുള്ള നഷ്ടം, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ വായ്പേതര പ്രവർത്തനം കൊണ്ടുള്ള നഷ്ടത്തിന്റെ 50% മാനവശേഷി വികസനം, കമ്പ്യൂട്ടർ വൽക്കരണം തുടങ്ങിയവ കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്. എന്നാൽ കാർഷിക വായ്പാ സംഘങ്ങളുടെ വായ്പേതര പ്രവർത്തനം കൊണ്ടുള്ള നഷ്ടത്തിന്റെ ബാക്കി വരുന്ന 50 ശതമാനം, ഗ്യാരന്റി വ്യവസ്ഥ പ്രകാരം അപേക്ഷിച്ചിട്ടും ലഭിക്കാനുള്ള തുക, സംസ്ഥാന ഗവൺമെന്റിൽ നിന്നും ലഭിക്കാനുള്ള മറ്റ് തുക എന്നിവ സംസ്ഥാന സർക്കാരുകൾ തന്നെ വഹിക്കേണ്ടതാണ്. എന്നാൽ ആവശ്യമെങ്കിൽ ഇവ ഇന്ത്യാ ഗവൺമെന്റിൽ നിന്നും സംസ്ഥാനത്തിന് വായ്പയായി ലഭിക്കുന്നതാണ്. സർക്കാർ ഓഹരി വിഹിതം മടക്കി കൊടുക്കുന്നതിനുള്ള ബാദ്ധ്യത അതാതു സഹകരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതും ആയത് കേന്ദ്ര സർക്കാർ പ്രസ്തുതസ്ഥാപനങ്ങൾക്ക് വായ്പയായി നൽകുന്നതുമാണ്. റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള സ്പെഷ്യൽ ആഡിറ്റ് നടത്തിയാൽ മാത്രമേ പദ്ധതിയുടെ അടങ്കൽ തുക തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ മുഴുവൻ ശുപാർശകളും അംഗീകരിക്കാൻ

കഴിയുന്നതല്ല. സാമ്പത്തിക പാക്കേജ് പൊതുവെ അംഗീകരിക്കാവുന്നതാണെങ്കിലും അതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളും മാനദണ്ഡങ്ങളും പൊതുവെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ദോഷകരമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം ഇതുവരെയും സർക്കാർ തലത്തിൽ കൈക്കൊണ്ടിട്ടില്ല. അറിയിക്കാം.

(സി) കേരളത്തിൽ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

(സി) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ മുഴുവൻ ശുപാർശകളും അംഗീകരിക്കുവാൻ കഴിയുന്നതല്ല. സാമ്പത്തിക പാക്കേജ് പൊതുവെ അംഗീകരിക്കാവുന്നതാണെങ്കിലും അതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളും മാനദണ്ഡങ്ങളും പൊതുവേ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ദോഷകരമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്. നിക്ഷേപങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സാമ്പത്തിക സേവനങ്ങളും ഉപയോഗിക്കുന്നവർക്ക് പൂർണ്ണ അംഗത്വവും. വോട്ടവകാശവും നൽകുക, സഹകരണ സ്ഥാപനങ്ങളുടെ ഭരണ ക്രമത്തിലും സാമ്പത്തിക കാര്യങ്ങളിലുമുള്ള സംസ്ഥാന സർക്കാരിന്റെ നിയന്ത്രണവും ഇടപെടലും നീക്കം ചെയ്യുക. സഹകരണ സ്ഥാപനങ്ങളിലെ സർക്കാർ ഓഹരി മൂലധനം 25% മായി നിജപ്പെടുത്തുക. സാമ്പത്തിക വിഷയങ്ങളിലെ സർക്കാർ നിയന്ത്രണ ഉത്തരവുകൾ പിൻവലിക്കുക. ഏത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടം എടുക്കുന്നതിനും ഏത് ധനകാര്യസ്ഥാപനങ്ങളിലും നിക്ഷേപം നടത്തുന്നതിനും സഹകരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുക.

ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള സംസ്ഥാന സർക്കാർ അധികാരം നിയന്ത്രിക്കുക. സഹകരണ സ്ഥാപനങ്ങളുടെ മേൽ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക. എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും പ്രൂഡൻഷ്യൽ നോംസ് ബാധകമാക്കുക. റിസർവ്വ് ബാങ്കിന്റെ അംഗീകാരം ഇല്ലാത്തതും സഹകരണബാങ്കുകളും അല്ലാത്തതുമായ സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശം ഇല്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാൻ പാടില്ലെന്നും, ബാങ്ക്, ബാങ്കിംഗ്. ബാങ്കർ എന്ന വാക്കുകൾ രജിസ്റ്റർ ചെയ്ത പേരിനോടൊപ്പം ഉപയോഗിച്ചുകൂടാ എന്ന വ്യവസ്ഥകളും കേരളത്തെ സംബന്ധിച്ചിടത്തോളം ദോഷകരമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഇത് നടപ്പാക്കുന്നത് സംബന്ധിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായം കേരളത്തിലെ സഹകാരി സമൂഹത്തിൽ നിന്ന് ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിലും മറ്റു സംസ്ഥാനങ്ങളുമായി കേരളത്തിലെ സഹകരണ മേഖലയെ താരതമ്യം ചെയ്യാൻ കഴിയാത്ത തരത്തിൽ സമൂഹത്തിന്റെ സമസ്ത മേഖലയിലും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ബന്ധപ്പെട്ടു കിടക്കുന്ന പ്രസ്ഥാനം എന്ന നിലയിലും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന ശക്തമായ സാമ്പത്തിക അടിത്തറയുള്ള സ്ഥാപനങ്ങൾ എന്ന നിലയിലും സർവ്വോപരി പൂർണ്ണമായും ജനാധിപത്യരീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായതിനാലും ഇതിനെല്ലാം എതിരായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുകയും അവ നടപ്പിലാക്കിയാൽ മാത്രമേ സാമ്പത്തിക സഹായം നൽകൂ എന്ന നിബന്ധന

കളുമാണ് സംസ്ഥാനത്ത് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. സംസ്ഥാനത്തിന്റെ വായ്പാ സഹകരണമേഖല രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലെ സഹകരണ മേഖലയിൽ നിന്ന് വ്യത്യസ്തമായി ചല നാത്മകമാണെന്ന് വിലയിരുത്തിയിട്ടുള്ള സാഹചര്യത്തിലും പാക്കേജ് നടപ്പിലാ ക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദ ണ്ഡങ്ങൾ തന്നെയാണ് സംസ്ഥാനത്ത് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പി ലാക്കുന്നതിന് തടസ്സമായി നിലനിൽക്കു ന്നത്

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 209

2-12-2008-ൽ മറുപടിയ്ക്ക്

ടൂറിസം വികസനത്തിനായി ആർട്ട് ആൻറ് ക്രാഫ്റ്റ് വില്ലേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി :<br>ശ്രീമതി.കെ.എസ്.സലീഖ :<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ.മഞ്ഞളാംകുഴി അലി : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) ടൂറിസം വികസനം ലക്ഷ്യമാക്കി ആർട്ട് ആൻറ് ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കാനുള്ള പദ്ധതി പ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) കോഴിക്കോട് ജില്ലയിലെ ഇരിങ്ങലിലും, തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്തും ആണ് ആർട്ട് ആൻറ് ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഈ രണ്ട് പദ്ധതികളുടെയും നിർമ്മാണോത്ഘാടനം കഴിഞ്ഞു. പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) ഈ പദ്ധതിമൂലം പരമ്പരാഗത മേഖലയിലും ടൂറിസം രംഗത്തും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) ഈ പദ്ധതി സാദ്ധ്യമാകുന്നതിലൂടെ പാരമ്പര്യ, വിദഗ്ദ്ധ തൊഴിലാളികൾക്ക് അവരവരുടെ ഉൽപ്പന്നങ്ങൾ ധാരാളമായി നിർമ്മിക്കുവാനും അവ അനായാസം വിറ്റഴിക്കുവാനും സാധിക്കുന്നു. ഈ കലാഗ്രാമം സന്ദർശിക്കുന്നവർക്ക് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ, സുവനീറുകൾ, മൊമന്റോകൾ മുതലായവ ഒരു മേൽക്കൂരയ്ക്കു കീഴെ നിർമ്മിക്കുന്നത് കാണുവാനും വാങ്ങുവാനും സാധിക്കുന്നു. പാരമ്പര്യ തൊഴിലുകൾ ഉപേക്ഷിച്ചു മറ്റു തൊഴിലുകൾ അന്വേഷിച്ചു പോയിട്ടുള്ളവർ തിരിച്ചു വരികയും അവരവരുടെ പാരമ്പര്യ ഉൽപ്പന്നങ്ങൾ |

| | | | |
|---|---|---|---|
| | | | തന്നെ നിർമ്മിച്ചു വിറ്റഴിച്ചു ലാഭമുണ്ടാക്കുവാനും അങ്ങനെ കേരളത്തിന്റെ തനതായ പാരമ്പര്യം നിലനിർത്തുവാനും ഈ കലാ ഗ്രാമങ്ങൾ യാഥാർത്ഥ്യമാകുന്നതിലൂടെ സാധ്യമാകും. |
| (സി) | പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം വകുപ്പുകളാണ് സഹായം നൽകുന്നത് ; | (സി) | കേന്ദ്ര ടൂറിസം മന്ത്രാലയവും സംസ്ഥാന ടൂറിസം വകുപ്പും. |
| (ഡി) | ഈ പദ്ധതി പൂർത്തിയാകുമ്പോൾ എത്ര പേർക്ക് തൊഴിൽ ലഭിക്കും 'എന്നാണ് കണക്കാക്കുന്നത് ? | (ഡി) | ഇത്തരത്തിലൊരു കണക്കെടുപ്പ് നടത്തിയിട്ടില്ല. എങ്കിലും മേൽപടി രണ്ട് ആർട്ട് ആൻറ് ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കുമ്പോൾ പ്രത്യക്ഷമായും പരോക്ഷമായും ഏകദേശം 800 പേർക്കെങ്കിലും തൊഴിൽ ലഭിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : **210** 02.12.2008 ൽ മറുപടിക്ക്.

## സംസ്ഥാനത്ത് സായാഹ്ന മുൻസിഫ്-മജിസ്ട്രേറ്റ് കോടതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എം. മാണി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സായാഹ്ന മുൻസിഫ്-മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിയ്ക്കാൻ ഉദ്ദേശ്യമുണ്ടോ ; | : (എ) സംസ്ഥാനത്ത് സായാഹ്ന മുൻസിഫ്-മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു. |
| (ബി) ഇതിലേയ്ക്ക് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | : (ബി) സായാഹ്ന കോടതി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നിയമ നടപടികളെക്കുറിച്ച് നിയമ വകുപ്പിന്റേയും സാമ്പത്തിക ബാധ്യതയുള്ള വിഷയമാകയാൽ ധനകാര്യവകുപ്പിന്റേയും ഉപദേശപ്രകാരം അനന്തര നടപടി സ്വീകരിക്കുന്നതാണ്. |

(Ctnd..........2/-)

| | |
|---|---|
| (സി) ഇത്തരം കോടതികൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് സ്ഥാപിക്കാനുദ്ദേശി- ക്കുന്നതെന്ന് വ്യക്തമാക്കാമോ ; | : (സി) തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരകേന്ദ്രങ്ങളിൽ സായാഹ്ന കോടതികൾ തുടങ്ങുവാനുള്ള നിർദ്ദേശമാണ് പരിശോധനയിലുള്ളത്. |
| (ഡി) ഇത്തരം കോടതികളുടെ പ്രവർത്തന സമയത്തെക്കുറിച്ച് വിശദമാക്കാമോ ? | : (ഡി) സായാഹ്ന കോടതികളുടെ പ്രവർത്തന സമയം വൈകുന്നേരം 6 മണിമുതൽ 8 മണിവരെയായി നിജപ്പെടുത്താനാണ് ഇപ്പോൾ നിർദ്ദേശമുള്ളത്. |

സെക്ഷൻ ഓഫീസർ